## ഗുണനിലവാരമുള്ള വിദ്യാഭ്യാസം
## കുട്ടികളുടെ അവകാശം
## QEPR

# ഒരുക്കം 2009

## ഒരു തീവ്രപഠന പരിപാടി

### മലയാളം

**പൊതുവിദ്യാഭ്യാസ വകുപ്പ്, കേരളം**

## ഒരുക്കത്തിലേക്ക്...

QEPR പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ ജനുവരി 16 മുതൽ നടത്തുന്ന പ്രവർത്തനങ്ങൾക്കുള്ള സഹായകഗ്രന്ഥമാണിത്. മലയാളം I, II പേപ്പറുകൾക്കാവശ്യമായ സഹായക പ്രവർത്തനങ്ങളാണ് ഇതിൽ ഒരുക്കിയിട്ടുള്ളത്. പ്രക്രിയാബന്ധിതമായ ക്ളാസ്മുറികളുടെ തുടർച്ച ഉറപ്പുവരുത്താൻ കഴിയും വിധമുള്ള പ്രവർത്തനങ്ങളാണ് 'ഒരുക്ക'ത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇതിലെ പ്രവർത്തനങ്ങൾ യാന്ത്രികമായി നൽകരുത്. ഓരോ പ്രവർത്തനവും വ്യക്തമായി പഠിച്ച് ഓരോ ക്ളാസിലെയും നിലവാരത്തിനനുസരിച്ച് മെച്ചപ്പെടുത്തി നൽകണം.

പാഠപുസ്തകത്തിലെ ഓരോ യൂണിറ്റിനെയും പ്രത്യേകം കണ്ടുകൊണ്ടാണ് ഇത്തവണ പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. അതോടപ്പം യൂണിറ്റുകൾ തമ്മിലുള്ള ബന്ധം നിലനിർത്താനും ശ്രമിച്ചിട്ടുണ്ട്. നിലവിലുള്ള പാഠപുസ്തകം, അധ്യാപകസഹായി, പടവുകൾ, ചങ്ങാതി, കഴിഞ്ഞ രണ്ടുവർഷം പുറത്തിറങ്ങിയ 'ഒരുക്ക' ഇവയുടെ തുടർച്ചയെന്ന നിലയിലാണ് ഇത്തവണത്തെ 'ഒരുക്കം' നിർമ്മിച്ചിട്ടുള്ളത്. അതുകൊണ്ട് പഠനപ്രവർത്തനങ്ങൾ നൽകുമ്പോൾ മേൽപറഞ്ഞ പുസ്തകങ്ങൾ കൂടി പരിഗണിക്കണം.

ആശയസ്വീകരണം, ആശയ പ്രകടനം, മൂല്യനിർണയം ഈ ക്രമത്തിൽ വളരുന്ന തരത്തിലാണ് ഓരോ സെഷനും ആസൂത്രണം ചെയ്തിട്ടുള്ളത്. ആശയ സ്വീകരണം ഫലപ്രദമായാലേ ആശയ പ്രകടനം ശക്തമാകൂ. എങ്കിൽ മാത്രമേ അവ വിലയിരുത്താനും മെച്ചപ്പെടുത്താനും കഴിയൂ. ഇതിനുള്ള ശ്രമങ്ങൾ അധ്യാപകരുടെ പക്ഷത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. ഓരോ ഘട്ടത്തിലും എഡിറ്റിംഗിനുള്ള സാധ്യത പരമാവധി പ്രയോജനപ്പെടുത്തണം

കുട്ടികൾക്ക് തുടർപ്രവർത്തനമായി ചെയ്യാവുന്ന ചില പ്രവർത്തന പത്രികകൾ കൂടി ഇത്തവണ നൽകിയിട്ടുണ്ട്. അവ ഓരോ കുട്ടിക്കും ഫോട്ടോക്കോപ്പിയെടുത്തു നൽകുകയോ ചാർട്ടിൽ രേഖപ്പെടുത്തി എഴുതിയെടുക്കാനുള്ള അവസരമൊരുക്കുകയോ വേണം. അവയും ശേഖരിച്ച് വിലയിരുത്തണം.

ഇത്തരത്തിൽ അധ്യാപകരുടെയും കുട്ടികളുടെയും ഒരുമിച്ചുള്ള പ്രവർത്തനമാണ് ഒരുക്കം ലക്ഷ്യമിടുന്നത്. ഇതിലൂടെ മുഴുവൻ കുട്ടികൾക്കും ഉയർന്ന നിലവാരത്തിലെത്താൻ കഴിയട്ടെ എന്നാശംസിക്കുന്നു. വിജയാശംസകളോടെ.......


**ഒരുക്കത്തിന് പിന്നിൽ പ്രവർത്തിച്ചവർ**

**കെ.വി.മോഹനൻ,**
**ജി.ജി.എച്ച്.എസ്.എസ്.,മഞ്ചേരി,**
**മലപ്പുറം.**

**അഹമ്മദ് ഷെറീഫ്,**
**ജി.എം.ആർ.എസ്. ഗേൾസ്,**
**കാസർഗോഡ്.**

**പി. ദിനേശൻ**
**ജി.എച്ച്.എസ്.എസ്,എരുമപ്പെട്ടി,**
**തൃശ്ശൂർ**

**റ്റി.കെ.രവീന്ദ്രൻ,**
**ഡി.യു.എച്ച്.എസ്.എസ്.**
**തൂത, മലപ്പുറം**

**വി. ഉണ്ണികൃഷ്ണൻ**
**ഡി.യു.എച്ച്.എസ്.എസ്.**
**തൂത, മലപ്പുറം**

## ആമുഖം

പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം (QEPR) പദ്ധതി മൂന്നു വർഷം പിന്നിടുകയാണ്. 2006 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 33%ത്തിൽ താഴെ വിജയമുണ്ടായിരുന്ന 104 വിദ്യാലയങ്ങളെയാണ് ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവന്നത്. മുൻ വർഷങ്ങളിൽ നടത്തിയ ചിട്ടയായ ആസൂത്രണത്തിന്റെയും പ്രവർത്തങ്ങളുടെയും ഫലമായി ഈ വിദ്യാലയങ്ങൾ ഏറെ മുന്നേറിയിട്ടുണ്ട്. 2008 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ QEPR പദ്ധതിയിൽപ്പെട്ട 26 വിദ്യാലയങ്ങൾ 100% വിജയം നേടി. 80ലധികം വിദ്യാലയങ്ങൾ 80%ത്തിലധികം വിജയം നേടി. ഈ മികവുകൾ നിലനിർത്താനും കൂടുതൽ മെച്ചപ്പെടുത്താനുമുള്ള നിരവധി ശ്രമങ്ങൾ ഇപ്പോഴും നടക്കുന്നുണ്ട്. അതിലൊന്നാണ് എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്കായി തയ്യാറാക്കുന്ന 'ഒരുക്കം' തീവ്രപഠനസഹായി.

2009 ജനുവരി 16 മുതൽ ഫെബ്രുവരി 9 വരെ നടക്കുന്ന പ്രവർത്തനങ്ങൾക്ക് കൃത്യതയും സൂക്ഷ്മതയും ദിശാബോധവും നൽകലാണ് 'ഒരുക്ക'ത്തിന്റെ ലക്ഷ്യം. ഇത്തരം പ്രവർത്തനങ്ങളിലൂടെ മുഴുവൻ കുട്ടികളെയും സി+ നിലവാരത്തിന് മുകളിലെത്തിക്കാനാണ് നമ്മൾ ആഗ്രഹിക്കുന്നത്.

ഇതിനായി സ്കൂൾ തലത്തിൽ എസ്.എസ്.ജി., പി.റ്റി.എ., എം.പി.റ്റി.എ., പ്രാദേശിക ഭരണസമിതികൾ എന്നിവയുടെ സഹകരണത്തോടെ കൂട്ടായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ഇതുവഴി ഈ വർഷവും എസ്.എസ്.എൽ.സി. പരീക്ഷയിൽ മികച്ച വിജയം കൈവരിക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു

**മുഹമ്മദ് ഹനീഷ് ഐ.എ.എസ്**

പൊതു വിദ്യാഭ്യാസ ഡയറക്ടർ

# യൂണിറ്റ് - 1

> പാരിച്ചുനിന്നുള്ള പാഴമ ചെയ്കയാൽ
> പാശത്തെക്കൊണ്ടു പിടിച്ചുകെട്ടി
> തിണ്ണം വലിച്ചുമുറുക്കി ഞാൻ നില്ക്കയാൽ
> ഉണ്ണിപ്പൂമേനിയിൽ പുണ്ണിലല്ലി?

ഈ പദ്യഭാഗമടങ്ങിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. കുട്ടികൾ പദ്യഭാഗം വായിക്കുന്നു. തുടർന്ന് അധ്യാപിക ചില ചോദ്യങ്ങൾ ചോദിക്കുന്നു.

- ഈ വരികൾ ഏതു കൃതിയിൽ നിന്ന്?
- ഈ വരികൾ ഏതു സന്ദർഭവുമായി ബന്ധപ്പെട്ടതാണ്?
- ഈ ചോദ്യം ഉന്നയിക്കുന്നതാരാണ്?
- യശോദ മറ്റെന്തെല്ലാം കാര്യങ്ങളാണ് അന്വേഷിച്ചത്?
- ഈ വരികളിൽ തെളിയുന്ന യശോദയുടെ ഭാവമെന്ത്?

കുട്ടികൾ പ്രതികരിക്കുന്നു. പ്രതികരണങ്ങൾ കൂടി പരിഗണിച്ച് പൊതുക്രോഡീകരണം നടത്തുന്നു.

തുടർന്ന് പൂതപ്പാട്ടിൽനിന്നുള്ള ഏതാനും വരികൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

> എഴുതുവാൻ പോയ കിടാവു വന്നീ-
> ലെവിടെപ്പോയ് നങ്ങേലി നിന്നു തേങ്ങി
> ആറ്റിൻ കരകളിലങ്ങിങ്ങോളം
> അവനെ വിളിച്ചു നടന്നാളമ്മ.

- കുട്ടികൾ പദ്യഭാഗം ചൊല്ലുന്നു
- ഈ വരികൾ ഏതു കൃതിയിൽ നിന്ന്?
- ഇവിടെ പരാമർശിക്കപ്പെടുന്ന വസ്തുതകളെന്തെല്ലാം?
- ഈ വരികളിൽ തെളിയുന്ന അമ്മയുടെ ഭാവമെന്ത്?

ചോദ്യങ്ങൾ ഉന്നയിക്കുന്നു ചർച്ച. ക്രോഡീകരണം.

ഇതുവരെ നടന്ന ചർച്ചകളുടെയും നിങ്ങൾ പഠിച്ച മറ്റു കവിതകളുടെയും പശ്ചാത്തലത്തിൽ മാതൃസ്നേഹം മലയാള കവിതകളിൽ എന്ന വിഷയത്തെക്കുറിച്ച് ഒരു ലഘു പ്രഭാഷണം തയ്യാറാക്കുക.

- വ്യക്തിഗതമായി തയ്യാറായാക്കുന്നു.
- സ്വയം മെച്ചപ്പെടുത്തുന്നു.
- രണ്ടോ മൂന്നോ പേർ വായിക്കുന്നു.



- മറ്റുള്ളവർ വിലയിരുത്തുന്നു.
- വിലയിരുത്തൽ മാനദണ്ഡമെന്ത്? ചർച്ച.
- ചർച്ചയിലൂടെ വിലയിരുത്തൽ മാനദണ്ഡങ്ങൾ രൂപപ്പെടുത്തുന്നു.

മാനദണ്ഡത്തിനനുസരിച്ച് കൈമാറി വിലയിരുത്തുന്നു.

- ആത്മവിശ്വാസത്തോടെ എഴുതിയോ?
- എന്തെല്ലാം പ്രയാസങ്ങൾ നേരിട്ടു?

തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിച്ചു ചർച്ച. നേരിട്ട പ്രയാസങ്ങൾ തരണം ചെയ്യുന്നതെങ്ങനെ? അനുയോജ്യമായ നിർദേശങ്ങളും സഹായങ്ങളും നൽകുന്നു.

| **സൂചകങ്ങൾ** |
| --- |
| രണ്ടു കവിതകളിലും മാതൃഭാവം തിരിച്ചറിഞ്ഞിട്ടുണ്ട്. |
| അനുയോജ്യമായ മറ്റു കവിതാ സന്ദർഭങ്ങൾ കണ്ടെത്തിട്ടുണ്ട്. |
| കണ്ടെത്തലുകൾ യുക്തിപൂർവ്വം സമർഥിച്ചിട്ടുണ്ട്. |
| അനുയോജ്യമായ ഭാഷ, പ്രഭാഷണത്തിന്റെ ഘടന ഇവ പാലിച്ചിട്ടുണ്ട്. |

**പ്രവർത്തനം 2**

ചെണ്ട പിണപ്പാൻതന്നെ നമ്മെ
കൊണ്ടിഹ പോന്നു ഭവാനിവിടേയ്ക്ക്

ഈ വരികൾ ബോർഡിൽ എഴുതുന്നു.

ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- ആരാണ് ഇങ്ങനെ പറയുന്നത്? എപ്പോൾ?
- എന്തുകൊണ്ടാണ് ഇത്തരത്തിൽ പറയേണ്ടി വന്നത്?
- നാരദന്റെ വാക്കുകൾ കേട്ട് രാവണൻ ചാടിപ്പുറപ്പെട്ടത് ശരിയായോ?
- ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞു വിശ്വസിപ്പിച്ച് രാവണനെ ചതിയിൽപ്പെടുത്തി. നാരദന്റെ നടപടി ശരിയായിരുന്നോ? ആരുടെ പ്രവർത്തിയോടാണ് നിങ്ങൾ യോജിക്കുന്നത് നിങ്ങളുടെ അഭിപ്രായം യുക്തിപൂർവ്വം സമർഥിക്കുക.

വ്യക്തിഗതമായി തയ്യാറാക്കുക.

എങ്ങനെയാണ് ഇത് വിലയിരുത്തുക.

വിലയിരുത്തൽ സൂചകങ്ങൾ തയ്യാറാക്കുന്നു. (ക്ലാസ്തല ചർച്ചയിലൂടെ)

സൂചകങ്ങൾക്കനുസരിച്ച് കൈമാറി വിലയിരുത്തുന്നു.

നേരിട്ട പ്രയാസങ്ങൾ എന്തൊക്കെ?ചർച്ച.

**മൂല്യനിർണയ സൂചകങ്ങൾ**

- പദ്യഭാഗത്തിന്റെ ആശയം, സന്ദർഭം ഇവ തിരിച്ചറിഞ്ഞിട്ടുണ്ട്.
- ആശയം, സന്ദർഭം ഇവ വിശകലനം ചെയ്തിട്ടുണ്ട്.
- തന്റേതായ നിഗമനങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്.
- അനുയോജ്യമായ ഭാഷയിൽ ആവിഷ്കരിച്ചിട്ടുണ്ട്.

**പ്രവർത്തനം 3**

കവിതയെ മഹത്വശോഭമാക്കുന്ന കാവ്യബാഹ്യമായ ഘടകങ്ങളെപ്പറ്റി- കാലം, ദേശം, ഭാഷ എന്നിവയോടു ബന്ധപ്പെട്ട ഘടകങ്ങളെപ്പറ്റി സാമാന്യമായ അറിവുണ്ടാകണം. അതിന്റെ പശ്ചാത്തലത്തിൽ വേണം കൃതികളെ വിലയിരുത്താൻ - ഒ. എൻ. വി. കുറുപ്പ്.

ഒ. എൻ. വി. കുറുപ്പിന്റെ അഭിപ്രായം BBയിൽ പ്രദർശിപ്പിക്കുന്നു. തുടർന്ന ചോദ്യങ്ങളുന്നയിച്ചു ചർച്ച. (ഉത്തരം പാഠപുസ്തകത്തിന്റെ സഹായത്തോടെ കണ്ടെത്തിയാലും മതി)

- ഒ. എൻ. വി. യുടെ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ?
- എപ്പോഴാണ് അദ്ദേഹം ഇത്തരമൊരഭിപ്രായം പറഞ്ഞത്?
- എഴുത്തച്ഛന്റെ കാലഘട്ടത്തിന്റെ പ്രത്യേകത എന്തായിരുന്നു?
- എഴുത്തച്ഛൻ ജീവിച്ച ദേശത്തിന്റെ പ്രത്യേകത എന്തൊക്കെ?
- ആ കാലത്തെ ഭാഷ എങ്ങനെയുള്ളതായിരുന്നു.
- ഈ അവസ്ഥകളോട് എഴുത്തച്ഛൻ പ്രതികരിച്ചത് എങ്ങനെയാണ്?

കുട്ടികൾ കണ്ടെത്തുന്ന കാര്യം ചർച്ച ക്രോഡീകരണം 10

തുടർന്ന് 'ദയവായി പരസ്യം പതിക്കരുത്' എന്ന കവിത ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ കവിത വായിക്കുന്നു. 10

- ഈ കവിതയുടെ ആശയമെന്ത്?
- ഈ കവിതയിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷയുടെ പ്രത്യേകത എന്ത്?
- മലയാളം കൂടാതെ ഏതുഭാഷയിലെ വാക്കുകളാണ് ഇതിൽ അധികമായി ഉപയോഗിച്ചിരിക്കുന്നത്?
- എന്തിനാണ് ഇത്തരമൊരു ഭാഷ സ്വീകരിച്ചത്?
- മലയാളിയുടെ മാറുന്ന സംസ്കാരവും കവിതയിലെ ഭാഷയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിച്ചു ചർച്ച ക്രോഡീകരണം

- ഒ.എൻ.വി. കുറുപ്പിന്റെ അഭിപ്രായം ഈ കവിതയ്ക്ക് ബാധകമാണോ?
- ഒ.എൻ.വി.യുടെ അഭിപ്രായവും കവിതയും താരതമ്യം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

വ്യക്തിഗതമായി തയ്യാറാക്കൽ.

എങ്ങനെയാണ് ഈ ഉത്തരം വിലയിരുത്തുക?

കൂട്ടായ ചർച്ചയുടെ സൂചകങ്ങൾ രൂപപ്പെടുത്തുന്നു.

സൂചകങ്ങൾ അനുസരിച്ച് കുട്ടികൾ സ്വയം വിലയിരുത്തുന്നു.

-എത്ര പേർക്ക് ഉത്തരം മുഴുവനാക്കാൻ കഴിഞ്ഞു?

- എത്രപേർക്ക് പ്രയാസം നേരിട്ടു?

- എന്തു പ്രയാസമാണ് നേരിട്ടത്?

-ആശയം മനസ്സിലാവാത്തതാണോ?

- ആശയങ്ങൾ പരസ്പരം ബന്ധപ്പെടുത്താൻ കഴിയാത്തതാണോ?

- ഉചിതമായ ഭാഷയിൽ എഴുതാൻ കഴിയാത്തതാണോ?

- സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതാണോ?

ഓരോരുത്തരും നേരിട്ട പ്രയാസങ്ങൾ അവതരിപ്പിക്കുന്നു.

ഓരോന്നും എങ്ങനെ പരിഹരിക്കാമെന്നു പൊതുവായി ചർച്ച ചെയ്യുന്നു.

ആവശ്യമായ നിർദേശങ്ങൾ അധ്യാപിക ഇടപെട്ടു നൽകുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

പ്രസ്താവന, കവിത ഇവയിലെ ആശയം കണ്ടെത്തിയിട്ടുണ്ട്.

ഭാഷാപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

പ്രസ്താവന, കവിത ഇവ താരതമ്യം ചെയ്തിട്ടുണ്ട്.

തന്റെ കണ്ടെത്തലുകൾ യുക്തിപൂർവം സമർത്ഥിച്ചിട്ടുണ്ട്.

അനുയോജ്യമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട്.

തുടർന്ന് ഗൃഹപാഠമായി പ്രവർത്തനപത്രിക നൽകുന്നു.

ഓരോ കുട്ടിക്കും നൽകത്തക്കവിധം ഫോട്ടോകോപ്പിയെടുക്കുകയോ എഴുതിയെടുക്കാൻ പാകത്തിൽ ചാർട്ടിൽ പ്രദർശിപ്പിക്കുകയോ വേണം.

## ദയവായി പരസ്യം പതിക്കരുത്

എന്റേയും എന്റെ പാവം ഭാര്യയുടേയും ഇടയിൽ
നാല് ബെഡ് റൂമും, ചിൽഡ്രൻസ് പ്ലേ ഏരിയയുമുള്ള
ലക്ഷ്വറി ഫ്ളാറ്റിന്റെ പരസ്യം പതിക്കരുത്, പ്ലീസ്.

എൻേറയും ടീനേജ് മകളുടേയും ഇടയിൽ
ലോവെയ്സ്റ്റ്, ടൈറ്റ് ഫിറ്റ് ഡെനീം ജീൻസിന്റെ
പരസ്യം പതിക്കരുത്, പ്ലീസ്

എന്റേയും ഒമ്പത് വയസ്സുള്ള മകന്റേയും ഇടയിൽ
50 ഗിയറുള്ള മൗണ്ടൻ അഡ്വഞ്ചർ സൈക്കിളിന്റെ
പരസ്യം പതിക്കരുത്, പ്ലീസ്.

എന്റേയും ഒറ്റയ്ക്കായ അമ്മയുടെയും ഇടയിൽ
ഇൻഹൗസ് ഡോക്ടരുള്ള വൃദ്ധ സദനത്തിന്റെ
പരസ്യം പതിക്കരുത്, പ്ലീസ്.

എന്റേയും എന്റെ ടൂവീലറിന്റെയും ഇടയിൽ
പവർ സ്റ്റിയറിങ്ങുള്ള ഏ.സി.കാറിന്റെ
പരസ്യം പതിക്കരുത്, പ്ലീസ്.

എന്റെ മിഡിൽക്ലാസ് മനസ്സിന്റെ മതിലിൽ
ചെറിയ സ്വപ്നങ്ങൾ പൂക്കുന്ന വള്ളിപ്പടർപ്പിന്മേൽ
മൾട്ടികളർ പരസ്യങ്ങൾ പതിക്കരുത്, പ്ലീസ്

ഞാൻ എങ്ങനെയൊക്കെയാണോ, അങ്ങനെയൊക്കെത്തന്നെ
മുന്നോട്ടും പിന്നോട്ടുമില്ലാതെ
എന്റെ ഇന്നിങ്സ് കളിച്ചുതീർക്കട്ടെ
കൊമേഴ്സ്യൽ ബ്രേക്ക് ഇല്ലാതെ

**വേണുഗോപാൽ. ആർ**

**പ്രവർത്തനപത്രിക**

താഴെ തന്നിരിക്കുന്ന ഈരടികളിൽ നിന്ന് ഒരേ ഈണത്തിൽ ചൊല്ലാവുന്ന വരികൾ കണ്ടെത്തുക. അവയുടെനമ്പർ ജോടികളായി എഴുതുക

1. നിത്യവും കണ്ട കിനാവുകളെല്ലാമേ
   സത്യമെന്നിങ്ങനെ ചൊല്ലാമിപ്പോൾ

2. ഏതുധൂസര സങ്കല്പങ്ങളിൽ വളർന്നാലും
   ഏതു യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും
   മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ വെളിച്ചവും
   മണവും മമതയും ഇത്തിരി കൊന്നപ്പൂവും

3. ലീലയാ കണ്ടുചിരിപ്പാനായ് വഞ്ചകൻ
   മേലേ വിരിച്ചിട്ട പുൽപ്പരപ്പിൽ
   വെയാനായ് ചെന്നൊരുപൊൻമാൻ നിരാലംബ-
   യായിതാ വീണുപോയ് മുൾകുഴിയിൽ

4. അങ്കണത്തൈമാവിൻ നിന്നാദ്യത്തെ പഴം വീഴെത-
   യമ്മതൻ നേത്രത്തിൽ നിന്നുതിർന്നു ചുടുകണ്ണീർ

**എന്റെ വിലയിരുത്തൽ**

♦ സമാന താളത്തിലുള്ളത് കണ്ടെത്താൻ എനിക്കു കഴിഞ്ഞിട്ടുണ്ട്.

പൂർണ്ണമായും ☐ ഭാഗികമായി ☐ തീരെയില്ല ☐

♦ താളം കണ്ടെത്താൻ സ്വീകരിച്ച മാർഗം
   ♦ ഓരോന്നായി ചൊല്ലി നോക്കി
   ♦ വരിയിലെ അക്ഷരങ്ങൾ എണ്ണിനോക്കി
   ♦
   ♦

♦ എനിക്കു നേരിട്ട പ്രയാസങ്ങൾ:-

♦ ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ഇനി ലഭിക്കേണ്ട സഹായം-

2. രാവണൻ പിടിച്ച പുലിവാല്, രാവണഗർവ്വം എന്നീ ഭാഗങ്ങളിൽ രാവണനെന്ന കഥാപാത്രത്തെ നമ്പ്യാർ അവതരിപ്പിച്ചത് എങ്ങനെ?

- 
- 
- 

♦ യുദ്ധത്തിൽ ഇന്ദ്രനെപ്പോലും തോൽപിച്ച, കൈലാസമെടുത്ത് അമ്മാനമാടിയ പരാക്രമശാലിയായ രാവണനെ പൊങ്ങച്ചനും പേടിത്തൊണ്ടനുമായി ചിത്രീകരിച്ചതെന്തിനായിരിക്കും? രാവണനെ പരിഹാസ്യനാക്കുക മാത്രമായിരുന്നോ നമ്പ്യാരുടെ ലക്ഷ്യം?

♦ മറ്റേതെല്ലാം രാജാകന്മാരേയും ദേവൻമാരെയും നമ്പ്യാർ ഇത്തരത്തിൽ പരിഹസിച്ചിട്ടുണ്ട്?

ചോദ്യങ്ങളെയെല്ലാം ഉത്തരം മനസ്സിൽ കണ്ടെത്തിയല്ലോ!
അവയുടെ അടിസ്ഥാനത്തിൽ നമ്പ്യാരുടെ കാവ്യസങ്കല്പം വിശദമാക്കുന്ന ലഘുകുറിപ്പു തയ്യാറാക്കുക

**എന്റെ വിലയിരുത്തൽ**

♦ ലഘുകുറിപ്പ് നല്ലരീതിയിൽ പൂർത്തീകരിക്കാൻ എനിക്കു കഴിഞ്ഞു.

പൂർണമായി ☐ അധികമായി ☐ കുറച്ചുമാത്രം ☐

♦ പ്രയാസം നേരിട്ട എന്തിനായിരുന്നു

- ആശയം കണ്ടെത്തുന്നതിന്
- നമ്പ്യാർ പരിഹസിച്ച മറ്റു രാജാക്കൻമാരുടെയും ദേവൻമാരുടെയും പേര് കണ്ടെത്തുന്നതിന്
- നമ്പ്യാരുടെ കാവ്യസങ്കല്പം തിരിച്ചറിയുന്നതിന്
- ഫലപ്രദമായി എഴുതി പ്രകടിപ്പിക്കുന്നതിന്

3. സൂചനകൾ തയ്യാറാക്കുക

ഉദാ: ഉണ്ണായിവാര്യർ

- തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിൽ ജനനം
- നളചരിതം ആട്ടകഥ രചിച്ചു.
- 
- 

ഇതുപോലെ താഴെ തന്നിരിക്കുന്ന കവികൾക്ക് അനുയോജ്യമായ സൂചനകൾ തയ്യാറാക്കുക

♦ എഴുത്തച്ഛൻ

♦

♦

♦ ചെറുശ്ശേരി

♦

♦

♦ കുഞ്ചൻ നമ്പ്യാർ

♦

♦

**എന്റെ വിലയിരുത്തലുകൾ**

♦ എല്ലാ കവികളെക്കുറിച്ചുള്ള സൂചനകൾ സ്വന്തമായി നിർമ്മിക്കാൻ കഴിഞ്ഞു.

പൂർണമായും ☐ ഭാഗികമായി ☐ കുറച്ചുമാത്രം ☐

♦ പാഠപുസ്തകത്തിന്റെ സഹായത്തോടെ സൂചനകൾ നിർമ്മിക്കാൻ കഴിഞ്ഞു.

പൂർണമായും ☐ ഭാഗികമായി ☐ കുറച്ചുമാത്രം ☐

♦ എനിക്ക് നേരിട്ട പ്രയാസങ്ങൾ:

♦ ഇനിയും വേണ്ട സഹായം:

## യൂണിറ്റ് - 2

(1) അങ്ങനെ ഒരവിയൽ സംസ്ക്കാരമാണ് മഹാഭാരത്തിൽ കാണുന്നതെന്നു പറയാം.

മുണ്ടശ്ശേരിയുടെ ഈ നിരീക്ഷണം ബോർഡിൽ എഴുതുന്നു.

തുടർന്ന് ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- അവിയൽ സംസ്ക്കാരം എന്നതുകൊണ്ട് എന്താണ് ഉദ്ദേശിച്ചത്?
- ഈ നിഗമനത്തിനാവശ്യമായ എന്തെല്ലാം തെളിവുകളാണ് അദ്ദേഹം മുന്നോട്ടു വെക്കുന്നത്?
- ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്?

(ആവശ്യമെങ്കിൽ പാഠപുസ്തകം കൂടി കുട്ടികൾക്ക് പ്രയോജനപ്പെടുത്താം)

കുട്ടികളുടെ പ്രതികരണങ്ങളിൽ പ്രധാനപ്പെട്ടത് ചിലതുമാത്രം BBയിൽ രേഖപ്പെടുത്തുന്നു.

ഇന്ത്യയുടെ പൊതുചിത്രം കിട്ടത്തക്കവിധം ക്രോഡീകരിക്കുന്നു.

തുടർന്ന് അടുത്തകാലത്തായി പത്രങ്ങളിൽ വന്ന തലക്കെട്ടുകൾ പ്രദർശിപ്പിക്കുന്നു.

**5 തീവ്രവാദികൾ അറസ്റ്റിൽ**

**വർഗ്ഗീയകലാപം വ്യാപകമായ നഷ്ടം**

**അഞ്ചിടങ്ങളിൽ ബോംബു സ്ഫോടനം**

**മുബൈ ആക്രമണം - മരണം 195**

- എന്തുകൊണ്ടാണ് ഇത്തരം അവസ്ഥയുണ്ടാക്കുന്നത്?
- തീവ്രവാദം, വർഗ്ഗീയവാദം ഇവയുടെ ദോഷം അനുഭവിക്കേണ്ടിവരുന്നവർ ആരൊക്കെ?
- ഇവ തുടരാൻ അനുവദിക്കുന്നതു ശരിയാണോ?
- ഈ സന്ദർഭത്തിൽ മുണ്ടശ്ശേരിയുടെ വിലയിരുത്തൽ എത്രമാത്രം പ്രസക്തമാണ്.

തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിച്ചു ചർച്ച

ഇതുവരെ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ 'നാം ഇന്ത്യക്കാർ, നമ്മെ ഭിന്നിപ്പിക്കാൻ ആരെയും അനുവദിക്കരുത്' എന്ന തലക്കെട്ട് ആസ്പദമാക്കി ഒരു ലഘുഉപന്യാസം തയ്യാറാക്കുക.

വ്യക്തിഗതമായി തയ്യാറാക്കുന്നു - സ്വയം മെച്ചപ്പെടുത്തുന്നു.

ഒന്നോ രണ്ടോ പേർ വായിക്കുന്നു. മറ്റുള്ളവർ വിലയിരുത്തുന്നു.

വിലയിരുത്തുമ്പോൾ ശ്രദ്ധിക്കേണ്ടതെന്തൊക്കെ?

ചർച്ചയിലൂടെ വിലയിരുത്തൽ സൂചകങ്ങൾ നിർമ്മിക്കുന്നു.



വിലയിരുത്തൽ സൂചകങ്ങൾ അനുസരിച്ച് കുട്ടികൾ പരസ്പരം കൈമാറി വായിക്കുന്നു. വിലയിരുത്തുന്നു.

| ടീച്ചറോട് : എഡിറ്റിംഗ് സാധ്യത പരിഗണിക്കണം |
| --- |

- ആത്മവിശ്വാസത്തോടെ എഴുതിയവർ ആരൊക്കെ?
- നേരിട്ട പ്രയാസങ്ങൾ എന്തൊക്കെ?

ചർച്ച

ചർച്ചയിലൂടെ മെച്ചപ്പെടുത്താനാവശ്യമായ നിർദേശങ്ങൾ അധ്യാപകർ നൽകുന്നു.

(ഗ്രൂപ്പുകളിൽ നിന്നു രൂപീകരിക്കുന്നു.) 15

**മൂല്യനിർണയ സൂചകങ്ങൾ**

പ്രസ്താവനയുടെയും പത്രവാർത്തകളുടെയും ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.

ഇവ വിശകലനം ചെയ്ത് സ്വന്തം കാഴ്ചപ്പാടുകൾ രൂപീകരിച്ചിട്ടുണ്ട്.

കാഴ്ചപ്പാടുകൾ യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്.

അനുയോജ്യമായ ഭാഷ, ഘടന ഇവ പാലിച്ചിട്ടുണ്ട്.

**പ്രവർത്തനം 2**

എന്റെ കണ്ഠത്തിൽ ഓടക്കുഴലുണ്ടോ? എന്റെ കൈയിൽ കൊടിയുണ്ടോ? കുടുമയും പൂണൂലും നഷ്ടപ്പെട്ടുവോ? എന്റെ പിന്നിൽ നാലുകെട്ടിന്റെ ആനവാതിൽ അടഞ്ഞുവോ?

ഈ വാക്യങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

— ആരുടെ വാക്കുകളാണിത്?
- എന്തിനെക്കുറിച്ചാണ് അദ്ദേഹം സൂചിപ്പിക്കുന്നത്?
- അദ്ദേഹത്തിനുണ്ടായ നഷ്ടങ്ങൾ എന്തൊക്കെ?
- അദ്ദേഹം സുഖസൗകര്യങ്ങൾ ത്യജിച്ചത് സ്വന്തം താല്പര്യത്തിനു വേണ്ടിയായിരുന്നോ?
- അദ്ദേഹത്തെപ്പോലെയുള്ളവരുടെ പ്രവർത്തനങ്ങളുടെ ഫലം ആർക്കാണ് ലഭിച്ചത്?
- സ്വാർത്ഥചിന്തയില്ലാതെ നാടിനുവേണ്ടി സ്വയം സമർപ്പിക്കുന്നവർ ഇന്നുണ്ടോ?

നമ്മുടെയും സമൂഹത്തിലുള്ളവരുടെയും പ്രവർത്തനങ്ങൾ വിശകലനം ചെയ്ത് പ്രതികരണക്കുറിപ്പുതയ്യാറാക്കുക

വ്യക്തിഗതമായി തയ്യാറാക്കുന്നു

രണ്ടോ മൂന്നോ കുട്ടികൾ അവതരിപ്പിക്കുന്നു. മറ്റുകുട്ടികൾ വിലയിരുത്തുന്നു.

വിലയിരുത്തുന്നതെങ്ങനെ? ചർച്ച

ചർച്ചയിലൂടെ മാനദണ്ഡങ്ങൾ നിർമ്മിക്കുന്നു.

നേരിട്ട പ്രയാസങ്ങൾ എന്തൊക്കെ? ചർച്ച

പ്രയാസങ്ങൾ മറികടക്കുന്നതിനുള്ള നിർദേശങ്ങൾ പൊതുവായി ചർച്ച ചെയ്യുന്നു.

**പ്രവർത്തനം 3**

ഞാൻ അറുപതുകൊല്ലം ജീവിച്ചു. ജീവിതം എന്നെ താലോലിക്കുകയും തല്ലുകയും ചെയ്തു. എന്റെ നേർക്കു പീലിക്കണ്ണും നരിക്കണ്ണും കാണിച്ചു, വളക്കിലുക്കവും ചങ്ങലക്കിലുക്കവും കേട്ടു. വിളമ്പിക്കിട്ടിയ എല്ലാ രസങ്ങളുമായി ഞാൻ ഇണങ്ങിച്ചേർന്നു. പിണങ്ങിയിട്ടു കാര്യമില്ല. സമുദ്രത്തെ എത്ര തവണയായി കര തട്ടിമാറ്റുന്നു. എന്നിട്ടും തിരമാല ചിരിച്ചുകൊണ്ടു തിരിച്ചു വരികയല്ലേ.

(എം.ആർ.ബി)

ചാർട്ട് പ്രദർശിപ്പിക്കുന്നു.

- ഈ വരികളിൽ നിന്ന് നമുക്ക് എന്തൊക്കെയാണ് വ്യക്തമാകുന്നത്?
- പീലിക്കണ്ണ്, നരിക്കണ്ണ്, വളക്കിലുക്കം, ചങ്ങലക്കിലുക്കം എന്നീ പ്രയോഗങ്ങൾ സൂചിപ്പിക്കുന്നതെന്ത്?
- തന്റെ ജീവിതാനുഭവങ്ങൾ ആവിഷ്കരിക്കുന്നതിന് ഇത്തരം പ്രയോഗങ്ങൾ എം.ആർ.ബി. സ്വീകരിച്ചതെന്തിന്?
- ഇത്തരം പ്രയോഗങ്ങൾ ആശയത്തിന് എന്തു പ്രത്യേകതയാണ് കൈവരുത്തുന്നത്?
- ആശയങ്ങൾ തീവ്രമായി ആവിഷ്കരിക്കുന്നതിന് ആലങ്കാരിക പ്രയോഗങ്ങൾ എങ്ങനെയാണ് സഹായിക്കുന്നത്?

ചർച്ച ക്രോഡീകരണം (10)

ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ താഴെ തന്നിരിക്കുന്ന ഖണ്ഡികയിലെ ആശയങ്ങൾ ശക്തമാക്കുന്നതിന് അതിലെ ഭാഷ സഹായകമാവുന്നുണ്ടോ? എന്നു പരിശോധിച്ച് കുറിപ്പു തയ്യാറാക്കുക.

നാല്പത്തിനാലാം വയസ്സിലും അവിവാഹിതയാണവൾ. മനസ്സിലെ നരതലയിലേയ്ക്കും പകർന്നുതുടങ്ങി. വരുമാനമില്ലാത്ത ഒരു പാവം പിതാവിന്റെ ഒൻപതുമക്കളിൽ മൂത്തത് ഉമ്മുസൽമയായിരുന്നു. ആരാന്റെ അടുക്കളയിൽ വേല ചെയ്ത അവളുടെ കൂടി വിയർപ്പുകൊണ്ടാണ് കുടുംബം പട്ടിണിയില്ലാതെ കഴിഞ്ഞുപോന്നത്. അനിയത്തിമാരും അനിയന്മാരും കെട്ടിപ്പടുത്ത ജീവിതത്തിനു പിന്നിൽ പുകയുടെ ചൂരുള്ള ആ വിയർപ്പുതുള്ളികളുണ്ട്. അടുക്കളയിൽ നിന്ന് അടുക്കളയിലേക്കു നീണ്ട അവ

ളുടെ ജീവിതം ഇന്ന് കടലിനക്കരെ ഏതോ അബിയുടെ അടുക്കളയിൽ എത്തി നിൽക്കുന്നു. സ്വന്തം ജീവിതം നഷ്ടപ്പെട്ടുപോയപ്പോഴും താഴെയുള്ളവർക്ക് തണലേക്കാൻ അവൾ കടൽ കടന്നു.

(വധു) (പി.ടി. മുഹമ്മദ്സാദിഖ്)

വ്യക്തിഗതമായി തയ്യാറാക്കൽ.

വിലയിരുത്തൽ (സ്വയം/പരസ്പരം) സൂചകങ്ങൾ അനുസരിച്ച്.

ചർച്ച.

- ഭാഷയുടെ പ്രത്യേകതകൾ കണ്ടെത്തൻ എത്രപേർക്കു കഴിഞ്ഞു?
- ഭാഷാപ്രയോഗം ആശയത്തിനു പകരുന്നവിധം കണ്ടെത്താൻ കഴിഞ്ഞവരെത്ര?
- നേരിട്ട പ്രയാസങ്ങൾ എന്തൊക്കെ?

ചോദ്യങ്ങൾ ഉന്നയിച്ചു ചർച്ച നടത്തുന്നു

പ്രശ്നപരിഹരണ മാർഗങ്ങൾ ചർച്ച ചെയ്യുന്നു.

തുടർന്ന് പ്രവർത്തനപത്രിക നൽകുന്നു- ഗൃഹപാഠമായി പൂർത്തീകരിക്കുന്നു.

**പ്രവർത്തനപത്രിക**

"അതോർക്കുമ്പോൾ ഇന്നും കണ്ണുനനയുന്നു. കൃഷ്ണനെയോർത്തും കൃഷ്ണനാട്ടത്തെക്കുറിച്ചോർത്തുമല്ല. ഇന്നത്തെ കുട്ടികളെയോർത്ത് അവരറിയാതെ, അവരുടെ കുറ്റംകൊണ്ടല്ലാതെ അവർക്കു നഷ്ടപ്പെട്ടുപോയ സൗഭാഗ്യത്തെയോർത്ത്"

- തിക്കോടിയൻ പറയുന്ന കുട്ടികളുടെ നഷ്ടം എന്ത്?
- അവ യഥാർത്ഥത്തിൽ കുട്ടികളുടെ നഷ്ടം തന്നെയാണോ?
- ഇന്നത്തെ കുട്ടികൾക്കും ബാല്യങ്ങളില്ലേ?
- അവർക്കു ലഭിക്കുന്ന പലതും പഴയതലമുറക്കു നഷ്ടമായിട്ടില്ലേ?
- അതോർത്ത് പുതിയ തലമുറ പഴയതലമുറയെക്കുറിച്ചും സങ്കടപ്പെട്ടില്ലേ?

ചോദ്യങ്ങളുടെ ഉത്തരങ്ങൾ മനസ്സിൽ കണ്ടെത്തിയല്ലോ? എങ്കിൽ അവ ഉപയോഗിച്ച് 'മാറുന്ന ബാല്യം, മാറുന്ന സ്വപ്നം' എന്ന വിഷയത്തെക്കുറിച്ച് ഒരു ലഘു പ്രബന്ധം തയ്യാറാക്കുക.

സ്വയം വിലയിരുത്തൽ

നേരിട്ട പ്രയാസങ്ങൾ എന്തൊക്കെ?

ഇനി എന്തു സഹായമാണ് ആഗ്രഹിക്കുന്നത്?

## യൂണിറ്റ് 3

ഏതുധൂസരസങ്കല്പങ്ങളിൽ വളർന്നാലും
ഏതുയന്ത്രവത്കൃത ലോകത്തിൽ പുലർന്നാലും
മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൽ വെളിച്ചവും
മണവും മമതയും ഇത്തിരികൊന്നപ്പൂവും
(വിഷുക്കണി) (വൈലോപ്പിള്ളി)

കവിതയുടെ വരികൾ ഉൾക്കൊളളുന്ന ചാർട്ട് പ്രദർശിപ്പിക്കുന്നു.

കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു.

ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- ഈവരികളിലൂടെ വൈലോപ്പിള്ളി പുതുതലമുറക്ക് നൽകുന്ന സന്ദേശമെന്ത്?
- ഈ സന്ദേശത്തിന്റെ സമകാലിക പ്രസക്തി എന്ത്?

ഓരോ ചോദ്യവും ചർച്ചചെയ്യുന്നു. അവയുടെ ആശയങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു (10 മിനിട്ട്)

തുടർന്ന് കുഞ്ഞുണ്ണിമാഷിന്റെ കവിത ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

ജനിക്കും നിമിഷം തൊട്ടെൻ
മകന്നിംഗ്ലീഷ് പഠിക്കണം
അതിനാലെൻ ഭാര്യതൻ പേറ
ങ്ങിംഗ്ലണ്ടിലാക്കി ഞാൻ (കുഞ്ഞുണ്ണി)

ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- മലയാളിയുടെ ഏതുമനോഭാവത്തെയാണ് കുഞ്ഞുണ്ണി മാഷ് ഈ വരികളിൽ പരിഹസിക്കുന്നത്?
- മലയാളിയുടെ മനസ്സ് മാറേണ്ടതുണ്ടോ? എന്തുകൊണ്ട്?

ഓരോചോദ്യവും ചർച്ചചെയ്യുന്നു. അവയുടെ ആശയങ്ങൾ പൊതുവായി അധ്യാപിക ക്രോഡീകരിക്കുന്നു. (10 മിനിട്ട്)

രണ്ടുകവിതകളിലെയും ആശയങ്ങൾ പരിഗണിച്ച് 'മാറുന്ന മലയാളി' എന്ന തലക്കെട്ടിൽ ഒരു ഉപന്യാസം തയ്യാറാക്കുക.

വ്യക്തിഗതമായി തയ്യാറാക്കുന്നു.

2/3 പേർ പൊതുവായി അവതരിപ്പിക്കുന്നു. (15 മിനുട്ട്)

മറ്റുള്ളവർ സ്കോർ നൽകുന്നു.

സ്കോർ നൽകിയതിന്റെ മാനദണ്ഡമെന്ത്? പൊതുചർച്ച.

ചർച്ചയിലൂടെ സൂചകങ്ങൾ ക്ലാസിൽ രൂപപ്പെടുന്നു.

ഓരോരുത്തരും സൂചകങ്ങൾക്കനുസരിച്ച് സ്വയം മെച്ചപ്പെടുത്തുന്നു.

നേരിട്ട പ്രയാസങ്ങൾ എന്തൊക്കെ?

മെച്ചപ്പെടുത്താൻ ഇനി എന്തുചെയ്യണം

തുടങ്ങിയകാര്യങ്ങൾ ഉന്നയിച്ചു - ചർച്ച - (10 മിനിട്ട്)

**സൂചകങ്ങൾ**

കവിതകളിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്

സമകാലീന സാമൂഹ്യസാഹചര്യത്തിൽ കവിതകളെ വ്യാഖ്യാനിച്ചിട്ടുണ്ട്

ആശയക്രമീകരണം/ഭാഷ ഇവ പാലിച്ചിട്ടുണ്ട്.

**പ്രവർത്തനം 2**

**അവലക്ഷണം**

കൈവെള്ളയിൽ കറുത്തപുള്ളി  
കൈനോട്ടക്കാരൻ പറഞ്ഞു  
അവലക്ഷണം അപായം  
വിഷഭയം അഗ്നിഭയം ജലഭയം  
മിത്രദോഷം മാനഹാനി  
അചരകോപം വിരഹദു:ഖം ദുർമരണം  
ലക്ഷണക്കേടുമാറാതെ രക്ഷയില്ലെന്നുവന്നു  
മണിബന്ധമുറുത്ത് കൈപ്പത്തികളഞ്ഞ്  
അയാൾ രക്ഷപ്പെട്ടു  
തലകളഞ്ഞ് തലയിലെഴുത്തിന്റെ കേട്  
മാറ്റാമെന്ന തത്ത്വം അങ്ങനെ  
അയാൾ കണ്ടുപിടിച്ചു  
ലോകവുമാഹ്ലാദിച്ചു. (കടമ്മനിട്ട)

ടീച്ചർ ചാർട്ട് പ്രദർശിപ്പിക്കുന്നു.

2/3 കുട്ടികൾ കവിതകൾചൊല്ലുന്നു.

- കവിതയിലെ പ്രമേയമെന്ത്?

വ്യക്തിഗതരചന

പൊതുഅവതരണം (2/3) (15 മിനിട്ട്)

കൂടുതൽ ആശയവ്യക്തതക്ക് ടീച്ചർ ചോദ്യങ്ങൾ ചോദിക്കുന്നു.

-അന്ധവിശ്വാസങ്ങളിലും മിഥ്യാഭയങ്ങളിലും ഉഴലുന്ന മനുഷ്യർക്ക് ഒടുവിൽ സംഭവിക്കുന്നതെന്ത്?

-അവലക്ഷണം എന്ന ശീർഷകത്തിൽ നിന്നും ധ്വനിക്കുന്നത് എന്തെല്ലാം?

-കവി ഇവിടെ അവതരിപ്പിക്കുന്ന പ്രശ്നങ്ങൾ എത്ര മാത്രം പ്രസക്തമാണ്?

- തലകളഞ്ഞ് തലയിലെഴുത്തിന്റെ കേട് മാറ്റാമെന്നതത്വം അങ്ങനെ അയാൾ കണ്ടുപിടിച്ചു. എന്നവരികൾ ആധുനിക മനുഷ്യന്റെ ഏതവസ്ഥയാണ് വ്യക്തമാക്കുന്നത്?

-കവിത ഉണർത്തുന്ന ചിരിയുടെ സവിശേഷത എന്ത്?

ചോദ്യങ്ങിലൂടെ ആശയങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു. (10 മിനിട്ട്)

കവിതക്ക് ആസ്വാദനം തയ്യാറാക്കാനാവശ്യപ്പെടുന്നു.

വ്യക്തിഗതരചന

2/3 പേർ അവതരണം (15 മിനിട്ട്)

മറ്റുള്ളവർസ്കോർനൽകുന്നു.

സ്കോർ നൽകിയതിന്റെ മാനദണ്ഡമെന്ത്? - ചർച്ച

ചർച്ചയിലൂടെ സൂചകങ്ങൾ ക്ലാസിൽ രൂപപ്പെടുത്തുന്നു.

ഓരോരുത്തരും സൂചകങ്ങൾക്കനുസരിച്ച് സ്വയം മെച്ചപ്പെടുത്തുന്നു. (15 മിനിട്ട്)

നേരിട്ടപ്രയാസങ്ങൾ എന്തൊക്കെ?

മെച്ചപ്പെടുത്താൻ ഇനി എന്തുചെയ്യണം?

**സൂചകങ്ങൾ**

കവിതയിലെ ആശയം കണ്ടെത്തിയിട്ടുണ്ട്.

സാമൂഹ്യപ്രശ്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

ആശയക്രമീകരണം/ഭാഷ.

പ്രവർത്തനങ്ങൾക്കുശേഷം വർക്ക് ഷീറ്റ് നൽകുന്നു.

ഗൃഹപാഠമായി വർക്ക്ഷീറ്റുകൾ പൂർത്തീകരിക്കുന്നു.

ഫോട്ടോകോപ്പി നൽകുകയോ അല്ലെങ്കിൽ എഴുതിഎടുക്കാൻ പാകത്തിൽ ചാർട്ടിൽ രേഖപ്പെടുത്തുകയോ വേണം.

താഴെ കൊടുത്ത കവിത വായിക്കൂ...

**കൊയ്ത്തുകാലത്തിന്റെ ഓർമ്മയ്ക്ക്**

പൊന്നുണ്ണി കരയല്ലേ നീ
പൊന്നാര്യൻ കതിരുകൾകണ്ടോ
വയലേലകൾ പൊന്നണിയുമ്പോൾ
മനമാകെ തകതികി തകതൈ.

അരിവാൾത്തലയാഞ്ഞു പതിക്കെ
ചെറുകറ്റകൾ വരിവരിയായ
കളമാകെ നിറയണ് കാൺകെ
മനമാകെ തകതികി തകതൈ.

തുടിതാളമുയർന്നു കളത്തിൽ
പൊടിപാറിയുയർന്നെടി പെണ്ണേ
ഒന്നേ പൊലി കേട്ടീടുമ്പോൾ
മനമാകെ തകതികി തകതൈ.

ചെറുമട്ടേം കാരിയുമൊന്നായ്
ആര്യൻ താളുഴുതുമറിക്കാൻ
ഇടനെഞ്ചു പതപ്പിക്കുമ്പോൾ
മനമാകെ തകതികി തകതൈ.

പരൽമീനിൻ ചൂരുപിടിച്ചാ
കരുമാടിക്കൂട്ടം ചേറിൽ
പരതുന്നതുകാണുമ്പോളെൻ
മനമാകെ തകതികി തകതൈ.

ചേലയുടുത്തഴകു പൊഴിക്കും
സുന്ദരിയാം പാടവരമ്പിൽ
മുത്തമിടും ഞണ്ടിനെയോർത്തെൻ
മനമാകെ തകതികി തകതൈ.

നുരയുന്ന കുടത്തിൻ മുകളിൽ
താളമിടും കുഞ്ഞാമന്റെ
മുഖത്തുയരും മേളം കണ്ടെന്‍
മനമാകെ തകതികി തകതൈ.

പണിതീർച്ചക്കൊടുവിൽ പാടം
നട്ടണയും നേരം കേൾക്കും
പാട്ടും മറുപാട്ടും ഓർത്തെന്‍
മനമാകെ തകതികി തകതൈ.

കാലംപോയ്കോലം കെട്ടു
വലയും പണിയാളൻമാരും
മൺമറയും കാഴ്ചകളോർത്ത്
മനമാകെ തളരണ് പെണ്ണേ.

**സത്യൻഎരവിമംഗലം**

> ഗൃഹപാഠമായി പൂർത്തിയാക്കിയ ആസ്വാദനക്കുറിപ്പും എന്റെ വിലയിരുത്തൽ എന്നഭാഗവും കുട്ടികളിൽ നിന്ന് അധ്യാപികശേഖരിച്ച് വിശകലനം ചെയ്യണം. പ്രയാസങ്ങൾ കണ്ടെത്തി മെച്ചപ്പെടാനുള്ള നിർദ്ദേശങ്ങൾ ഓരോ കുട്ടിയുമായും ചർച്ചചെയ്യണം.

താഴെ നൽകിയ ചോദ്യങ്ങൾക്ക് ഉത്തരം മനസ്സിൽ കണ്ടെത്തുന്നു.

കവിതയുടെ പ്രമേയമെന്ത?
വയലേലകൾ പൊന്നണിയുമ്പോൾ എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നതെന്ത്?
എപ്പോഴൊക്കെയാണ് മനസ്സ് കുളിരണിയുന്നത്?
കാലത്തിന്റെ മാറ്റത്തെ കവി എങ്ങനെകാണുന്നു?
കവിതയിൽ കാണുന്ന സാമൂഹ്യപ്രശ്നമെന്ത്?
നിങ്ങൾക്കിഷ്ടപ്പെട്ട വരി ഏത്? ഇഷ്ടപ്പെടാനുള്ള കാരണമെന്ത്?

ലഭിച്ച ആശയങ്ങൾ പ്രയോജനപ്പെടുത്തികൊണ്ട് 'കൊയ്ത്തുകാലത്തിന്റെ ഓർമ്മക്ക്' എന്ന കവിതക്ക് ആസ്വാദനം തയ്യാറാക്കുക

**എന്റെ വിലയിരുത്തൽ**

കവിതയുടെ പ്രമേയം കണ്ടെത്താൻ എനിക്കു കഴിഞ്ഞിട്ടുണ്ട്

പൂർണ്ണമായും ☐ ഭാഗികമായി ☐ തീരെയില്ല ☐

കവതയിലെ സാമൂഹ്യപ്രശ്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്

പൂർണ്ണമായും ☐ ഭാഗികമായി ☐ തീരെയില്ല ☐

സാമൂഹ്യപ്രശ്നത്തെ കവിതയുമായി ബന്ധിപ്പിച്ച് വ്യാഖ്യാനിച്ചിട്ടുണ്ട്

പൂർണ്ണമായും ☐ ഭാഗികമായി ☐ തീരെയില്ല ☐

സ്വന്തം നിരീക്ഷണങ്ങൾ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്

പൂർണ്ണമായും ☐ ഭാഗികമായി ☐ തീരെയില്ല ☐

ആസ്വാദനഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയിട്ടുണ്ട്

പൂർണ്ണമായും ☐ ഭാഗികമായി ☐ തീരെയില്ല ☐

# യൂണിറ്റ് 4

## ദൃശ്യകലകൾ

**ഫാൻസ് അസോസിയേഷനുകൾ**

**സിനിമാസ്വാദനത്തിനു തടസ്സമാവുന്നു.**

കൊല്ലം : തമിഴ്നാടിനെപ്പോലെ കേരളത്തിലെയും നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരുപോലെ സജീവമാകുന്ന നടൻമാരുടെ പേരിലുള്ള ഫാൻസ് അസോസിയേഷനുകൾ സിനിമാസ്വാദനത്തിന് തടസ്സമാവുന്നതായി പരാതിയുയർന്നു. ഒരു സൂപ്പർസ്റ്റാറിന്റെ പടം പുറത്തിറങ്ങിയത് രാത്രി 12 മണിക്കാണെങ്കിൽ മറ്റൊരാളുടേത് പുലർച്ചെ 4 മണിക്കാണ്. ഇഷ്ട നായകൻ സ്ക്രീനിൽ തെളിയുമ്പോഴുള്ള കൈയടിയും അല്ലാത്തപ്പോഴുള്ള കൂക്കിവിളിയും സിനിമാപ്രേമികളെ അസ്വസ്ഥരാക്കുന്നു. അസോഷിയേഷൻ പ്രവർത്തകർ കൂടുതൽ നിയന്ത്രണം പാലിക്കണമെന്നും സിനിമാസ്വാദകർക്കുണ്ടാകുന്ന പ്രയാസങ്ങൾ ഒഴിവാക്കണമെന്നും ദൃശ്യസാംസ്കാരികവേദി പ്രവർത്തകർ ആവശ്യപ്പെട്ടു. വേദി പ്രസിഡന്റ് ശ്രീ. രാജ്കുമാർ അധ്യക്ഷനായിരുന്നു.

പത്രവാർത്തയടങ്ങിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. തുടർന്ന് ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- നിങ്ങളുടെ പ്രിയതാരങ്ങൾ ആരൊക്കെയാണ്?
- നിങ്ങൾ ഏതെങ്കിലും ഫാൻസ് അസോസിയേഷനിൽ അംഗമാണോ?
- പത്രവാർത്തയിലെ ആശയങ്ങളോട് നിങ്ങൾക്ക് യോജിപ്പുണ്ടോ? എന്തുകൊണ്ട്?
- സിനിമ നമ്മളെ എങ്ങനെയൊക്കെയാണ് സ്വാധീനിക്കുന്നത്?
- സിനിമയുടെ ഗുണപരമായ അംശങ്ങൾ എന്തൊക്കെ?
- സിനിമയുണ്ടാക്കുന്ന ദോഷങ്ങൾ എന്തൊക്കെ?

ഓരോ ചോദ്യവും ചർച്ചചെയ്യുന്നു. അവയുടെ ആശയങ്ങൾ പൊതുമായി അധ്യാപിക ക്രോഡീകരിക്കുന്നു. തുടർന്ന് ക്വിസ് നടത്തുന്നു. ചോദ്യങ്ങൾ ഓരോന്നായി ഉന്നയിക്കുന്നു.

- കേരളത്തിലെ പ്രഗത്ഭരായ 5 നാടക അഭിനേതാക്കളുടെ പേര്?
- കേരളത്തെ സ്വാധീനിച്ച ഏതെങ്കിലും 5 നാടകങ്ങളുടെ പേര്?
- അറിയപ്പെടുന്ന ഒരു നാടക സംവിധായകന്റെ പേര്?
- കേരളത്തിലെ പ്രസിദ്ധരായ 4 കഥകളി നടൻമാരുടെ പേര്?
- പ്രസിദ്ധമായ 3 ആട്ടകഥകളുടെ പേര്?
- പ്രസിദ്ധമായ 2 കഥകളിയോഗങ്ങളുടെ പേര്?

കുട്ടികൾ ഉത്തരങ്ങൾ വായിച്ച് അവതരിപ്പിക്കുന്നു. ഒരാൾ വായിക്കുന്നു. മറ്റുള്ളവർ ഒത്തു നോക്കുന്നു.

- മുഴുവൻ ചോദ്യങ്ങൾക്കും ഉത്തരമെഴുതാൻ എത്രപേർക്ക് കഴിഞ്ഞു.
- ഉത്തരമെഴുതാൻ പ്രയാസം നേരിട്ടോ? എന്തുകൊണ്ട്?
- കേരളത്തിൽ നല്ല നാടകം/കഥകളി ഇല്ലാത്തതുകൊണ്ടാണോ?
- നല്ല നാടക/കഥകളി അഭിനേതാക്കൾ ഇല്ലാത്തതുകൊണ്ടാണോ?

ചർച്ച, ക്രോഡീകരണം

അശ്വമേധം, കാട്ടുകുതിര, ഇതുഭൂമിയാണ്, നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി, തുടങ്ങിയ ജനങ്ങളെ സ്വാധീനിച്ച നാടകങ്ങൾ. ദക്ഷയാഗം, നളചരിത്രം, കല്യാണസൗഗന്ധികം, കിർമ്മീരവധം...... ഉത്തരാസ്വയംവരം തുടങ്ങി ശ്രദ്ധേയമായ നിരവധി ആട്ടകഥകൾ കലാമണ്ഡലം കൃഷ്ണൻനായർ, കലാമണ്ഡലം കേശവൻ, വാഴേങ്കട കുഞ്ചുനായർ............ തുടങ്ങി നിരവധി കഥകളി നാടൻമാർ, പി.ജെ.ആന്റണി, പ്രേംജി, നെടുമുടി, മുരളി, തൊട്ട് ബാബു പറാശ്ശേരിവരെ നീളുന്ന നിരവധി നാടകനടൻമാർ എന്നിട്ടും സിനിമയെപ്പോലെ മറ്റു ദൃശ്യകലാരൂപങ്ങൾ മലയാളി സ്വീകരിക്കാത്തതെന്തുകൊണ്ടാണ്?

ലഘുചർച്ച

ഇതുവരെ ചർച്ച ചെയ്ത കാര്യങ്ങൾ ഉൾപ്പെടുത്തി ദൃശ്യകലകളിൽ സിനിമയുടെ ആധിപത്യം എന്ന വിഷയത്തെക്കുറിച്ച് ഒരു ലഘു പ്രബന്ധം തയ്യാറാക്കുക.

- വ്യക്തിഗതമായി തയ്യാറാക്കുന്നു. ----- 15 മി.
- സ്വയം മെച്ചപ്പെടുത്തൽ ----- 5 മി.
- ഒരാൾ വായിക്കുന്നു. മറ്റുള്ളവർ വിലയിരുത്തുന്നു. (5)
- വിലയിരുത്തിയതിന്റെ മാനദണ്ഡമെന്ത്?
- ചർച്ചകളിലൂടെ വിലയിരുത്തൽ സൂചകങ്ങൾ നിർമ്മിക്കുന്നു.
- പ്രബന്ധം പരസ്പരം കൈമാറുന്നു. സൂചകങ്ങൾക്കനുസരിച്ച് വിലയിരുത്തുന്നു.
- നേരിട്ട പ്രയാസമെന്ത്?
- സ്കോർ മെച്ചപ്പെടുത്താൻ ഇനി എന്തെല്ലാം ശ്രദ്ധിക്കണം

തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിച്ചു ചർച്ച. (15)

**മൂല്യനിർണയ സൂചകങ്ങൾ**

ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.

അനുയോജ്യമായ വാദമുഖങ്ങൾ, ഉദാഹരണങ്ങൾ ഇവ കണ്ടെത്തിയിട്ടുണ്ട്.

തെളിവുകൾ യുക്തിപൂർവം വിശകലനം ചെയ്തിട്ടുണ്ട്.

തന്റെ കാഴ്ചപ്പാടുകൾ അനുയോജ്യമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്.

പ്രബന്ധത്തിന്റെ ഘടന പാലിച്ചിട്ടുണ്ട് (തുടക്കം, ഉള്ളടക്കത്തിന്റെ വികാസം, ഉപസംഹാരം മുതലായവ)

(2) അധ്യാപിക ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- നിങ്ങൾക്ക് ഇട്ടപ്പെട്ട സിനിമകൾ ഏതൊക്കെ?
- സിനിമ ഇഷ്ടപ്പെടാനുള്ള കാരണങ്ങൾ എന്തൊക്കെ?

ചോദ്യങ്ങൾക്ക് വ്യക്തിഗതമായി ഉത്തരമെഴുതുന്നു. പൊതുഅവതരണം. അധ്യാപിക BBയിൽ രേഖപ്പെടുത്തുന്നു. (ആകർഷകമാക്കുന്ന ഘടകങ്ങൾ)

- അഭിനയം
- നടൻ/നടി
- പാട്ട്
- കഥ
- രംഗം
- വേഷം
- സ്റ്റണ്ട്
-
-

ഇവയൊക്കെയാണ് സിനിമ ആകർഷകമാക്കുന്ന ഘടകങ്ങൾ. കഥകളിയിലും ഇവയൊക്കെയില്ലേ? എന്നിട്ടെന്താണ് കഥകളി ജനപ്രിയമാകാത്തത്? ഈ കാര്യങ്ങളിൽ സിനിമയും കഥകളിയും തമ്മിൽ എന്തെല്ലാം വ്യത്യാസങ്ങളുണ്ട്?

ചർച്ച. ചർച്ചക്കുശേഷം അധ്യാപികയുടെ ക്രോഡീകരണം (5)

ദൃശ്യകലകൾതന്നെയെങ്കിലും രംഗം, വേഷം നുടങ്ങിയ കാര്യങ്ങളിൽ കഥകളിയും സിമിമയും തമ്മിൽ ഏറെ വ്യത്യാസമുണ്ട്. എന്തൊക്കെയാണ് വ്യത്യാസങ്ങൾ? അവ താരതമ്യം ചെയ്ത ലഘു കുറിപ്പു തയ്യാറാക്കുക.

വ്യക്തിഗതമായി തയ്യാറാക്കുന്നു. (10 മിനിട്ട്)

2/3 പേർ പൊതുവായി അവതരിപ്പിക്കുന്നു.

മറ്റുള്ളവർ സ്കോർ നൽകുന്നു.

സ്കോർ നൽകിയതിന്റെ മാനദണ്ഡമെന്ത്? ചർച്ച

ചർച്ചയിലൂടെ സൂചകങ്ങൾ ക്ലാസിൽ രൂപപ്പെടുത്തുന്നു.

ഓരോരുത്തരും സൂചകങ്ങൾക്കനുസരിച്ച് സ്വയം മെച്ചപ്പെടുത്തുന്നു.

നേരിട്ട പ്രയാസങ്ങൾ എന്തൊക്കെ?

മെച്ചപ്പെടുത്താൻ ഇനി എന്തു ചെയ്യണം?

തുടങ്ങിയ കാര്യങ്ങൾ ഉന്നയിച്ചു ചർച്ച - (10)

**സൂചകങ്ങൾ**

കഥകളി, നാടകം ഇവയുടെ പ്രത്യേകതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

രണ്ടുകലകളിലെയും സാമ്യവ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

തന്റെ കണ്ടെത്തലുകൾ ഉദാഹരണസഹിതം അവതരിപ്പിട്ടുണ്ട്.

അനുയോജ്യമായ ഭാഷ, ഘടന ഇവ പാലിച്ചിട്ടുണ്ട്.

പ്രവർത്തനങ്ങൾക്ക് ശേഷം പ്രവർത്തനപത്രിക കുട്ടികൾക്ക് നൽകുന്നു.

ഗൃഹപാഠമായി പൂർത്തീകരിക്കുന്നു.

(ഫോട്ടോകോപ്പി നൽകുകയോ അല്ലെങ്കിൽ എഴുതിയെടുക്കാൻ പാകത്തിൽ ചാർട്ടിൽ രേഖപ്പെടുത്തുകയോ വേണം).

**പ്രവർത്തനപത്രിക**

പിണക്കിയകറ്റുവാൻ ഞാനവനെയും ധ്രുവമവളെയും
രാജ്യമകലെയും അതിചപലമെന്നിഹ സമയം കരോമി.

ചോദ്യശകലം വായിച്ചല്ലോ: ഇനി താഴെപറയുന്ന ചോദ്യങ്ങളുടെ ഉത്തരം മനസ്സിൽ കണ്ടു നോക്കൂ.

- ഈ പ്രതിജ്ഞ ആരുടേതാണ്?
- ഈ പ്രതിജ്ഞയെടുത്ത സാഹചര്യമെന്ത്?
- സമൂഹത്തിന് ദോഷകരമായ ഏതെങ്കിലും പ്രശ്നത്തിന്റെ പേരിലായിരുന്നോ പ്രതിജ്ഞയെടുത്തത്?
- ആരുടെ താല്പര്യങ്ങൾ സംരക്ഷിക്കാനാണ് ഈ പ്രതിജ്ഞയെടുത്തത്?
- കലിയുടെ പ്രതിജ്ഞകാരണം നളദമയന്തിമാർക്കുണ്ടായ ദുരിതങ്ങൾ എന്തൊക്കെ?
- ഇത്തരത്തിൽ സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കാനായി മറ്റുള്ളവരെ ദ്രോഹിക്കുന്നതു ശരിയാണോ?
- മൂന്നു പണ്ഡിതൻമാരും പരേതനായ സിംഹവും എന്ന നാടകത്തിലെ പണ്ഡിതൻമാർ ഇത്തരത്തിലുള്ളവരാണോ?
- അവർ സിംഹത്തിനു ജീവൻ നൽകാൻ തീരുമാനിച്ചതെന്തിന്റെ പേരിലായിരുന്നു?
- സിംഹത്തിന്റെ ഉയർത്തെഴുന്നേല്പ് സമൂഹത്തിൽ എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ടാവും?

എല്ലാചോദ്യങ്ങളുടെയും ഉത്തരം മനസ്സിൽ കുറിച്ചല്ലോ? അവയുടെ അടിസ്ഥാനത്തിൽ താഴെ തന്നിരിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതൂ.

സ്വന്തം കാര്യങ്ങൾ നടക്കുന്നതിനായി സമൂഹത്തെ ദ്രോഹിക്കുന്നവർ മാനവ സമൂഹത്തിന്റെ ശത്രുക്കളാണ്. കലി, മൂന്നു പണ്ഡിതൻമാർ ഇവരുടെ പ്രവർത്തനങ്ങൾ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

*സീൻ - 1*

*സമയം രാത്രി .............*

*അനന്തമായ ആകാശത്തിന്റെ ദൃശ്യങ്ങൾ*

*അകലെ നിന്നും വേഗത്തിൽ വരുന്ന ആകാശരഥത്തിന്റെ ദൃശ്യം..*

*ആകാശരഥം അടുത്തുടുത്തു വരുന്നു.*

*രഥത്തിനുള്ളിൽ അസ്വസ്ഥനായിരിക്കുന്ന കലി ഇടയ്ക്കിടെ സമയം നോക്കുന്നുണ്ട്*

*സാരഥിയോട് പരമാവധി വേഗത കൂട്ടാൻ ആംഗ്യം കാണിക്കുന്നു...*

ഈ രംഗത്തിന്റെ തുടർച്ചയെഴുതുക. കലിദ്വാപരൻമാർ ഇന്ദ്രാദിദേവകളെ കാണിന്നതുവരെയുള്ള ഭാഗം) (ഒരു പേജ്)

**എന്റെ വിലയിരുത്തൽ:**

♦ കലിയുടെ പ്രതിജ്ഞയുമായി ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്താൻ എനിക്കു കഴിഞ്ഞിട്ടുണ്ട്

പൂർണ്ണമായും ☐ ഭാഗികമായി ☐ തീരെയില്ല ☐

♦ കലിയുടെ പ്രതിജ്ഞയുമായി ബന്ധപ്പെട്ട വിശകലനക്കുറിപ്പ് ഫലപ്രദമായി പൂർത്തിയാക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്.

പൂർണ്ണമായും ☐ ഭാഗികമായി ☐ തീരെയില്ല ☐

♦ എനിക്കു നേരിട്ട പ്രയാസങ്ങൾ: (✓) അടയാളം ചേർക്കുക

- ആശയം കണ്ടെത്താൻ
- വിശകലനം ചെയ്യാൻ
- എഴുതി പ്രകടിപ്പിക്കാൻ
- സമയക്കുറവ്

മറ്റുകാര്യങ്ങൾ

-
-
-

തിരക്കഥ നല്ലരീതിയിൽ പൂർത്തിയാക്കാൻ എനിക്കുസാധിച്ചു.

പൂർണ്ണമായും ☐ ഭാഗികമായി ☐ തീരെയില്ല ☐

നേരിട്ട പ്രയാസങ്ങൾ

- തിരക്കഥയെഴുതുന്ന രീതി അറിയില്ല.
- സന്ദർഭത്തെ കാഴ്ചകളാക്കി മാറ്റാൻ കഴിയുന്നില്ല.
- മറ്റുകാരണങ്ങൾ
  - ♦
  - ♦
  - ♦

ഗൃഹപാഠമായി പൂർത്തിയാക്കുന്ന വിശകലനക്കുറിപ്പ്, തിരക്കഥ ഇവയും എന്റെ വിലയിരുത്തൽ എന്ന ഭാഗവും കുട്ടികളിൽ നിന്ന് അധ്യാപിക ശേഖരിച്ച് വിശകലനം ചെയ്യണം. പ്രയാസങ്ങൾ കണ്ടെത്തി മെച്ചപ്പെടാനുള്ള നിർദ്ദേശങ്ങൾ ഓരോ കുട്ടിയുമായും ചർച്ചചെയ്യണം. (കൂടുതൽ കുട്ടികൾക്ക് ഒരേ പ്രശ്നം നേരിടുന്നുവെങ്കിൽ അത് ക്ലാസിൽ പൊതുമായി ചർച്ചചെയ്യണം).

# യൂണിറ്റ് 5
## (ആധുനിക കവിത്രയം)

| |
|---|
| "തന്നതില്ല പരനുള്ളു കാട്ടുവാ-<br>നൊന്നുമേ നരനുപായമീശ്വരൻ<br>ഇന്നു ഭാഷയിതപൂർണ്ണമിങ്ങഹോ!<br>വന്നുപോം പിഴയുമർത്ഥശങ്കയാൽ." |

-എന്ന പദ്യശകുലം എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

കുട്ടികൾ വ്യക്തിഗതമായി പദ്യഭാഗം വായിക്കുന്നു.

തുടർന്ന് അധ്യാപിക ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- ഇങ്ങനെ പറയുന്നതാര്?
- ഏതു സന്ദർഭത്തിലാണ് ഇത്തരത്തിൽ പറയുന്നത്?
- നളിനി ദിവാകരനെ ഓർമ്മിപ്പിക്കുന്ന കാലങ്ങൾ എന്തൊക്കെ?
- യഥാർത്ഥത്തിൽ നളിനി ദിവാകരനോട് പറയാനാഗ്രഹിച്ചതെന്തൊക്കെയാണ്?
- പറയാനാഗ്രഹിച്ച കാര്യങ്ങൾ ഫലപ്രദമായി ദിവാകരനോടു പറയാൻ നളിനിക്കു കഴിഞ്ഞോ? എന്തുകൊണ്ട്?

തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിച്ച് ചർച്ച നടത്തുന്നു. ആശയങ്ങൾ പൊതുവായി ക്രോഡീകരിക്കുന്നു. (10)

തുടർന്ന് കൃഷ്ണഗാഥയിൽ നിന്നുള്ള ചില വരികൾ എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

| |
|---|
| എൻമടിതന്നിൽ ഞാൻ നന്നായി വച്ചുകൊ-<br>ണ്ടന്മകൻ വാഴ്കെന്നു ചൊല്ലുംനേരം<br>എന്മുഖം നോക്കീട്ടു പുഞ്ചിരി തൂകുന്ന<br>നന്മുഖം കാണട്ടെയെന്നു ചൊല്ലീ. |

പദ്യഭാഗം കുട്ടികൾ വായിക്കുന്നു.

-ഏതു കൃതിയിൽ നിന്നുള്ള വരികളാണിത്?

-ഇത്തരത്തിൽ പെരുമാറുന്നതാര്?

- ഏതുസന്ദർഭത്തിലാണ് ഇങ്ങനെ പെരുമാറുന്നത്?

- ഈ സന്ദർഭത്തിൽ യശോദ യഥാർത്ഥത്തിൽ പ്രകടിപ്പിക്കാൻ ശ്രമിക്കുന്നതെന്ത്?

ചോദ്യങ്ങൾ ഉന്നയിക്കുന്നു. ലഘുചർച്ച ക്രോഡീകരണം (10)

രണ്ടു സന്ദർഭങ്ങളും ചർച്ച ചെയ്തു നളിനി, യശോദ എന്നിവരുടെ പ്രവർത്തനങ്ങൾ ആശാന്റെ 'തന്നതില്ല പരനുള്ളൂ .......... അർത്ഥശങ്കയാൽ' എന്ന വരികളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.



വ്യക്തിഗതമായി കുറിപ്പു തയ്യാറാക്കുന്നു

ഓരോ കുട്ടിയും സ്വയം മെച്ചപ്പെടുത്തുന്നു.

പരസ്പരം കൈമാറി വിലയിരുത്തുന്നു. (15)

വിലയിരുത്തുമ്പോൾ പരിഗണിക്കേണ്ടതെന്തെല്ലാം?

ചർച്ചയിലൂടെ മൂല്യനിർണയ സൂചകങ്ങൾ തയ്യാറാക്കുന്നു.

- രണ്ടു കഥാപാത്രങ്ങളുടെയും സ്വഭാവത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
- സന്ദർഭത്തിന്റെ പ്രത്യേകതകൾ വിശകലനം ചെയ്തിട്ടുണ്ട്.
- അനുയോജ്യമായ ഉദാഹരണങ്ങളിലൂടെ കണ്ടെത്തലുകൾ സമർത്ഥിച്ചിട്ടുണ്ട്.
- അനുയോജ്യമായ ഭാഷ, ഘടന ഇവ പാലിപ്പിട്ടുണ്ട്. (10)

സൂചകങ്ങൾ അനുസരിച്ച് കുട്ടികൾ വിലയിരുത്തുന്നു.

മികച്ചത് ഒന്നോ രണ്ടോ കുട്ടികൾ അവതരിപ്പിക്കുന്നു. (5)

- ഇവിടെ നേരിട്ട പ്രയാസമെന്ത്?
- അവ എങ്ങനെയെല്ലാം തരണം ചെയ്യാം?

ചർച്ച, ക്രോഡീകരണം

ഏദൻതടത്തിലെ മുക്കുവർ യേശുവാം
നേതാവുനൽകിയ നേർവലയാൽ
ആടൽപ്പെടുത്താതെ പുണ്യമത്സ്യങ്ങളെ-
ത്തേടിപ്പിടിപ്പവരായ്ച്ചമഞ്ഞു-

പദ്യഭാഗം എഴുതിയ ചാർട്ട് പ്രദർശിപ്പുക്കുന്നു.

- ആരുടെ വരികളാണിത്?
- ഏതു കൃതിയിൽ നിന്നെടുത്തതാണ്?
- കൃതിയിൽ പരാമർശിക്കപ്പെടുന്ന സംഭവമെന്ത?
- ഇത്തരം സംഭവങ്ങളുടെ സമകാലിക പ്രസക്തിയെത്?
- മുകളിൽ തന്നിരിക്കുന്ന വരികളിൽ സൂചിപ്പിക്കുന്ന കഥയെന്ത്?
- പുരാണസംഭവങ്ങൾ എങ്ങനെയാണ് ആനുകാലിക സന്ദർഭത്തിന് അനുയോജ്യമാകുന്നത്?

തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിച്ചു ചർച്ച ക്രോഡീകരണം

തുടർന്ന്

ചുടുകണ്ണീരോടു പാർഷതിയൊന്നു
വിളിക്കെയുഴറ്റൊടണഞ്ഞോനേ, നീ–
യെവിടെ? വിളിച്ചു വിളിച്ചു തളർന്നേൻ
എവിടെപ്പോയ് നീയെന്നുടയോനേ?

- ഈ കവിതാഭാഗത്ത് പരാമർശിക്കുന്ന പുരാണ കഥയെന്ത്?
- ഏതു കവിതയിൽ നിന്നെടുത്തതാണിത്?
- ഗജേന്ദ്രമോക്ഷം എന്ന കവിതയുടെ ആനുകാലിക പ്രസക്തിയെന്ത്?
- ആനുകാലിക സംഭവങ്ങൾ വിശദമാക്കാൻ തെരഞ്ഞെടുത്ത പുരാണകഥകൾ പര്യാപ്തമാണോ?

രണ്ടു കവിതാഭാഗങ്ങളുടെയും ചർച്ചയുടെ അടിസ്ഥാനത്തിൽ ആധുനിക കവിതകൾക്ക് 'ശക്തി പകരുന്നതിൽ പൗരാണിക സംഭവങ്ങളുടെ പ്രസക്തി' എന്ന വിഷയത്തെക്കുറിച്ച് ലഘു ഉപന്യാസം തയ്യാറാക്കുക. 15

- വ്യക്തിഗതമായി തയ്യാറാക്കുന്നു
- സ്വയം വിലയിരുത്തൽ
- ഒന്നോ രണ്ടോ കുട്ടികൾ വായിക്കുന്നു.
- മറ്റു കുട്ടികൾ സ്കോർ നൽകുന്നു.
- മികച്ചതേത്? കണ്ടെത്താനുള്ള മാനദണ്ഡമെന്ത്?

ചർച്ചയിലൂടെ സൂചകങ്ങൾ നിർമ്മിക്കുന്നു.
സൂചകങ്ങൾക്കനുസരിച്ച് കൈമാറി വിലയിരുത്തുന്നു.

- മികച്ചതേതൊക്കെ?
- പ്രശ്നങ്ങൾ എന്തൊക്കെ?
- അവ എങ്ങനെ പരിഹരിക്കാം?

തുടങ്ങിയ ചർച്ചകളിലൂടെ വ്യക്തത വരുത്തുന്നു.

**സൂചകങ്ങൾ**

രണ്ടു പദ്യശകലങ്ങളിലെയും പൗരാണികത തിരിച്ചറിഞ്ഞിട്ടുണ്ട്.
രണ്ടു കവിതകളും വിശകലനം ചെയ്ത് പൗരാണികസംഭവങ്ങൾ, ആനുകാലികത ഇവ ബന്ധപ്പെടുത്തിയിട്ടുണ്ട്.
കണ്ടെത്തലുകൾ യുക്തിപൂർവം സമർത്ഥിച്ചിട്ടുണ്ട്.
അനുയോജ്യമായ ഭാഷ, ഘടന ഇവ പാലിച്ചിട്ടുണ്ട്.

തുടർന്ന് പ്രവർത്തന പത്രിക നൽകുന്നു. ഓരോ കുട്ടിക്കും നൽകത്തക്കവിധം ഫോട്ടോ ക്കോപ്പി എടുക്കുകയോ വായിക്കാവുന്ന രീതിയിൽ ചാർട്ടിൽ പ്രദർശിപ്പിക്കുകയോ ആവാം.

**പ്രവർത്തനപത്രിക**

> തളർന്ന വ്യക്തിയെ പുനർജീവിപ്പിക്കാൻ ഒരു തന്ത്രമുണ്ട്-തളർച്ചയെ അതിജീവിക്കാനുള്ള ആത്മവിശ്വാസം അയാളിൽ ഉണർത്തുകതന്നെ.... അടിമപ്പെട്ടുകിടക്കേണ്ട അവശരാഷ്ട്രമല്ല ഭാരതം; അതിനു തേജോമയമായ ഭൂതകാലമുണ്ട്. ആ തേജസ്സിൽ നിന്നു തിരികൊളുത്തുകയേ വേണ്ടൂ. വർത്തമാനകാലത്തെ ഇരുട്ട് എളുപ്പം അകറ്റാം.

- ഉള്ളൂർ വർത്തനാമക്കാലത്തെ ഇരുട്ട് എന്നു പറയുന്നതെന്തിനെയാണ്?
- ഇന്ന് ഭാരതീയ സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്?
  - അഴിമതി
  - സ്ത്രീപീഡനം
  - നിരക്ഷരത
  - ദാരിദ്ര്യം
- തളർന്ന വ്യക്തിയെ പുനരുജ്ജീവിപ്പിക്കാൻ അവർക്ക് അതിജീവിക്കാനുള്ള ആത്മവിശ്വാസം നൽകിയാൽ മതി-
- ഈ വാക്കുകൾക്ക് അനുയോജ്യമായ ഏതെങ്കിലും പുരാണസന്ദർഭം കണ്ടെത്താമോ?
- അഭിമാനരക്ഷയ്ക്കായി കരഞ്ഞ സ്ത്രീകൾക്ക് സഹായം നൽകിയ സന്ദർഭങ്ങൾ പുരാണങ്ങളിലുണ്ടോ?
- അന്യജീവികളുടെ ജീവന് സ്വന്തം ജീവനെക്കാൾ വില കല്പിച്ച പുരാണ സന്ദർഭം ഏതാണ്?
- ഇവയൊക്കെ ഇന്നത്തെ ഭാരതീയർക്കു നൽക്കുന്ന സന്ദേശം എന്താണ്?
- അഴിമതി,സ്വാർത്ഥത, വർഗീയത, സ്ത്രീപീഡനം.... മുതലായവയുടെ ഇരുട്ടിൽ നിന്നും ചോചനം നേടാൻ പഴമയിലെ നന്മകൾ സ്വീകരിച്ചാൽ മതി. മുകളിൽ കണ്ടെത്തിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഒരു കുറിപ്പ് തയ്യാറാക്കുക.

**എന്റെ വിലയിരുത്തൽ**

♦ പ്രസ്താവന വിശകലനം ചെയ്യാൻ എനിക്കു കഴിഞ്ഞു.

പൂർണമായി ☐ ഭാഗികമായി ☐ തീരെയില്ല ☐

♦ പുരാണകഥാ സന്ദർഭങ്ങൾ കണ്ടെത്താൻ എനിക്കു കഴിഞ്ഞു.

പൂർണമായി ☐ ഭാഗികമായി ☐ തീരെയില്ല ☐

♦ പുരാണ സന്ദർഭങ്ങളും ഇന്നത്തെ അവസ്ഥയുമായി താരതമ്യം ചെയ്യാൻ കഴിഞ്ഞു.

പൂർണമായി ☐ ഭാഗികമായി ☐ തീരെയില്ല ☐




♦ ഇനിയും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:-

♦ ഇനിയും ആവശ്യമായ സഹായങ്ങൾ:-

# യൂണിറ്റ് 6

**കഥാസാഹിത്യം**

കാവൽ എന്ന കഥ നിങ്ങൾ വായിച്ചുവല്ലൊ?

ടീച്ചർ ചോദ്യങ്ങൾ ചോദിക്കുന്നു.

- കാവൽ എന്ന കഥയിലെ പ്രമേയമെന്ത്?
- കാവൽ എന്ന കഥയിലെ കഥാപാത്രങ്ങൾ ആരൊക്കെ?
- കഥാപാത്രങ്ങളുടെ വളർച്ച എങ്ങനെ രൂപപ്പെടുത്തിയിരിക്കുന്നു?
- കഥ നൽകുന്ന സന്ദേശമെന്ത്?
- കഥ സാമൂഹ്യപ്രശ്നങ്ങളിലേക്ക് വിരൽചൂണ്ടുന്നുണ്ടോ?
- കഥയിലെ ഭാഷ എങ്ങനെയുള്ളതാണ്?
- കഥയിലെ വ്യാഖ്യാനസാധ്യതകൾ എത്രമാത്രമുണ്ട്?

ചർച്ച, ക്രോഡീകരണം

ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെ തന്നിരിക്കുന്ന മിനിക്കഥക്ക് ഒരു ആസ്വാദനം തയ്യാറാക്കാൻ ആവശ്യപ്പെടുന്നു.

മിനിക്കഥ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

**മൊബൈൽ**

അന്നുരാവിലെ ആ വാർത്ത നാടു മുഴുവൻ പരന്നു തെക്കേതിലെ ശിവരാമൻ മരിച്ചു. ഹാർട്ടറ്റാക്കാണത്രേ. ബന്ധുക്കളും നാട്ടുകാരും ആ വീട്ടിൽ തടിച്ചുകൂടി.

മെഡിക്കൽ കോളേജിൽ വച്ചാ. ശവമിപ്പോൾ എത്തും

ആംബുലൻസ് വന്നുനിന്നതും ശബ്ദമില്ലാതിരുന്ന അലമുറകൾക്ക് ശബ്ദം കൂടി. മൃതശരീരം പായയിൽ കിടത്തി.

ഹ..... ഹ ........... ഹ..........

ശവത്തിന്റെ ഹൃദയം മെല്ലെ പിടഞ്ഞു. ചെവികൾ അനങ്ങി. കൈകൾ ചലിച്ചു. ശവം എഴുന്നേറ്റിരുന്നു.

കീശയിൽ നിന്നും മൊബൈലെടുത്തു.

ഹലോ....... ആരാണ്

അശ്വതി അനീഷ്
Std. X
ഗവ: എം. ആർ. എസ് ഫോർ ഗേൾസ്
കാസർകോഡ്

രണ്ടോ മൂന്നോ പേർ അവതരിപ്പിക്കുന്നു.

മറ്റുള്ളവർ സ്കോർ നൽകുന്നു.

സ്കോർ നൽകിയതിന്റെ മാനദണ്ഡമെന്ത്? ചർച്ച

ചർച്ചയിലൂടെ സൂചകങ്ങൾ ക്ലാസിൽ രൂപപ്പെടുത്തുന്നു.

ഓരോരുത്തരും സൂചകങ്ങൾക്കനുസരിച്ച് സ്വയം മെച്ചപ്പെടുത്തുന്നു.

നേരിട്ട പ്രയാസങ്ങൾ എന്തൊക്ക?

മെച്ചപ്പെടുത്താൻ ഇനിഎന്തുചെയ്യണം?

ചർച്ച

**സൂചകങ്ങൾ**

ആശയം കണ്ടെത്തിയിട്ടുണ്ട്.

സാമൂഹ്യപ്രശ്നങ്ങളുമായി ബന്ധിപ്പിച്ച് വ്യാഖ്യാനിച്ചിട്ടുണ്ട്.

സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

ആശയ ക്രമീകരണം/ഭാഷ.

**പ്രവർത്തനം 2**

നാൽപ്പത്തേഴുമീറ്റർ, എൺപത്തിനാലു ടൺ തൂക്കം അന്റാർട്ടിക്കയിൽ നിന്നുകൊണ്ടു വന്ന പ്രാകൃതജന്തു.......

അത്ഭുതജന്തു................ വരുവിൻ കാണുവിൻ രസിപ്പിൻ.....................

ടിക്കറ്റ് കൗണ്ടറിൽ രു പ്ലാറ്റൂൺ പട്ടാളം വേണം.

ടീച്ചർ ചാർട്ട് പ്രദർശിപ്പിക്കുന്നു.

കുട്ടികൾ വായിക്കട്ടെ

- ഏതു കഥയിൽ നിന്നും എടുത്തതാണ്?
- കഥയിലെ പ്രമേയമെന്ത്?
- ഈ വരികൾക്കുള്ള അനുകാലിക പ്രസക്തി എന്ത്?
- നിഷ്കളങ്കതയുടെ പര്യായമായി കഥാകൃത്ത് അവതരിപ്പിക്കുന്ന കഥാപാത്രം ആര്?

ചർച്ചക്കുശേഷം അദ്ധ്യാപികയുടെ ക്രോഡീകരണം.

മാറ്റങ്ങളുടെ ഘോഷയാത്രയിൽ നമുക്ക് നഷ്ടമാകുന്നതെന്തൊണ്. മണൽ വാരി മരുപ്പറമ്പായ നദികൾ. വൻകമ്പനികൾ ഊറ്റി എടുക്കുന്ന ഭൂഗർഭജലവും പുഴകളും. ഭാഷയെ നാം എന്നേ കൈയ്യൊഴിഞ്ഞു. അവസാനം ജീവസന്ധാരണത്തിനു വഴിയില്ലാത്ത കുറേമനുഷ്യർ! അവരെ വാങ്ങുവാനും കമ്പനികളുണ്ടാവും. ഒരു വലിയ എഴുത്തുകാരന്റെ ഉത്കണ്ഠയും വ്യഥകളും ഇങ്ങനെ പങ്കുവയ്ക്കപ്പെടുന്നു: വിൽക്കാനും നഷ്ടപ്പെടാനും ഇനി എന്തുണ്ടു ബാക്കി.

(കണ്ണാന്തളിപ്പൂക്കളുടെ കാലം) (എം. ടി. വാസുദേവൻനായർ)

ടീച്ചർ ചാർക്ക് പ്രദർശിപ്പിക്കുന്നു.

- കഥാകൃത്ത് പറയാൻ ശ്രമിച്ചത് എന്ത്?
- നമുക്ക് നഷ്ടമാകുന്നതെന്തെല്ലാം?
- കഥാകൃത്ത് നമുക്കു നൽകുന്ന സന്ദേശമെന്ത്?
- കച്ചവടവത്കരണം മാനുഷിക മൂല്യങ്ങൾക്ക് മങ്ങലേൽപ്പിക്കുന്നുണ്ടോ?

ചർച്ചക്കുശേഷം അധ്യാപികയുടെ ക്രോഡീകരണം

കച്ചവടവത്കരണത്തിനെതിരെയുള്ള, രണ്ട് എഴുത്തുകാരുടെയും പ്രതികരണകൾ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

വ്യക്തിഗതമായി തയ്യാറാക്കുന്നു.

2/3 പേർ പൊതുവായി അവതരിപ്പിക്കുന്നു.

മറ്റുള്ളവർ സ്കോർ നൽകുന്നു.

സ്കോർ നൽകിയതിന്റെ മാനദണ്ഡമെന്ത്? ചർച്ച

ചർച്ചയിലൂടെ സൂചകങ്ങൾ ക്ലാസിൽ രൂപപ്പെടുത്തുന്നു. ഓരോരുത്തരും സൂചകങ്ങൾക്കനുസരിച്ച് സ്വയം മെച്ചപ്പെടുത്തുന്നു.

നേരിട്ട പ്രയാസങ്ങൾ എന്തൊക്കെ?

മെച്ചപ്പെടുത്താൻ ഇനി എന്തുചെയ്യണം

ചർച്ച

**സൂചകങ്ങൾ**

രണ്ടു പ്രസ്താവനകളിലേയും ആശയങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

സാമൂഹ്യപ്രശ്നങ്ങളുമായി ബന്ധിപ്പിച്ച് വ്യാഖ്യാനിച്ചിട്ടുണ്ട്.

സ്വന്തം നിരീക്ഷണങ്ങൾ അവതിരിപ്പിച്ചിട്ടുണ്ട്.

ആശയക്രമീകരണം/ഭാഷ

**പ്രവർത്തനപത്രിക**

♦ മലയാള നോവൽ ഒരു നിരീക്ഷണം എന്ന ലേഖനം വായിച്ച് താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക. ആവശ്യമെങ്കിൽ പട്ടികയിൽ കൂടുതൽ ചോദ്യങ്ങൾ ചേർക്കണം. കാലഘട്ടത്തിനുസരിച്ച് ക്രമീകരിക്കണം.

| നോവലിസ്റ്റിന്റെ പേര് | നോവലുകൾ | കാലം | കൃതിയുടെ പ്രത്യേകതകൾ | സാമൂഹികാവസ്ഥ | കഥാപാത്രങ്ങൾ |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |

♦ പട്ടിക പൂർത്തിയാക്കിയല്ലോ. കിട്ടിയ വസ്തുതകൾ വിശകലനം ചെയ്ത് നോവലുകളിൽ തെളിയുന്ന സാമൂഹികജീവിതം എന്ന വിഷയത്തെക്കുറിച്ച് ലഘു ഉപന്യാസം തയ്യാറാക്കുക.

**എന്റെ വിലയിരുത്തൽ**

♦ പട്ടിക പുസ്തകസഹായമില്ലാതെ പൂർത്തീകരിക്കാൻ കഴിഞ്ഞു.

പൂർണ്ണമായി ☐ ഭാഗികമായി ☐ തീരെയില്ല ☐

♦ പുസ്തകത്തിന്റെ സഹായത്തോടെ പട്ടിക പൂർത്തിയാക്കാന എനിക്കു കഴിഞ്ഞു.

പൂർണ്ണമായി ☐ ഭാഗികമായി ☐ തീരെയില്ല ☐

♦ പട്ടികയിലെ ആശയങ്ങൾ സ്വന്തമായി വിശകലനം നടത്താൻ കഴിഞ്ഞോ?

പൂർണ്ണമായി ☐ ഭാഗികമായി ☐ തീരെയില്ല ☐

♦ ഉപന്യാസം തയ്യാറാക്കാൻ കഴിഞ്ഞു.

പൂർണ്ണമായി ☐ ഭാഗികമായി ☐ തീരെയില്ല ☐

അടുപ്പിലെ തീക്കനലിന്റെ നേർത്തവെളിച്ചത്തിൽ അവൻ വിരലുകൾ തൊട്ടു-എണ്ണി ഒന്ന്, രണ്ട്.... പിന്നെയെന്താണ്? ബാവലിയുടെ കരയ്ക്ക് ഓടിട്ട പുതിയ സ്കൂളിൽ പണ്ട് പഠിച്ചിരുന്നു. രണ്ടാം ക്ലാസുവരെ. പണ്ടല്ല. കഴിഞ്ഞകൊല്ലമല്ലേ? അഥവാ അതിനു മുൻപത്തെ കൊല്ലമോ? എത്ര വിഷു പിന്നീട്ടു കഴിഞ്ഞു? ഒന്നോ രണ്ടോ മൂന്നോ ? ....

(കാവൽ...................)



അമ്പട പൂമ്പാറ്റേ, നിന്നെ ഞാൻ പറ്റിക്കും. ജന്തുവിന്റെ പുറത്തുകയറും. അതിന്റെ പുറത്തിരുന്നു കൈനീട്ടിയാൽ; മാമ്പഴം അതു പറിച്ചെടുക്കും ഞൻ. നിനക്കതു കഴിയില്ലല്ലോ. ഒരു കഷണം മാമ്പഴംപോലും തരില്ല. കുട്ടി പൂമ്പാറ്റയെ കൊഞ്ഞനം കുത്തി. നോക്കിക്കോ.... (ലോകവസ്ഥാനം....)

- ഈ രണ്ടു കഥകളിലും പരാമർശിക്കുന്ന കുട്ടികളുടെ അവസ്ഥയെന്ത്?
- ബാല്യകാലം ആസ്വദിക്കുന്നതിന് ഈ കുട്ടികൾക്ക് കഴിയുന്നുണ്ടോ?
- ഇവരുടെ ബാല്യം നഷ്ടപ്പെടുന്നുണ്ടോ?
- നിങ്ങളുടെ അനുഭവങ്ങളും ഈ കുട്ടികളുടെ അനുഭവങ്ങളും തമ്മിൽ ബന്ധമുണ്ടോ?
- ഈ കഥാപാത്രങ്ങളുടെയും അവസ്ഥകൾ താരതമ്യം ചെയ്ത് കുറിപ്പു തയ്യാറാക്കുക-

**എന്റെ വിലയിരുത്തൽ**

- രണ്ടു കഥകളുടെയും പ്രമേയം അറിയാം.
- രണ്ടു കഥകളിലെയും കുട്ടികളുടെ പ്രത്യേകതകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.
- അവ വിശകലനം ചെയ്ത് താരത്മ്യക്കുറിപ്പ് തയ്യാറാക്കാൻ കഴിഞ്ഞിട്ടുണ്ട്.

നേരിട്ട പ്രയാസങ്ങൾ എന്തൊക്കെ?

## യൂണിറ്റ് 7

നാഭിയിലൊരിത്തിരി കസ്തൂരി നിക്ഷേപിച്ചു
നായാടപ്പെടാൻ വിട്ട മാനാണു ഞാനെൻ കൃഷ്ണ.
പാട്ടിലൊരല്പം പൂന്തേൻ പുരട്ടിയ സ്വാതന്ത്ര്യ
കൂട്ടിലേ മൂളാൻ വിട്ട കിളിയാണു ഞാൻ കൃഷ്ണ

പിമ്പു പിമ്പുണ്ടായ മന്നവരിശോക
ഗംഭീര സത്യമറിഞ്ഞിടാതെ,
ആയിരം ദാസിമാർക്കൊപ്പം മടമ്പിടി-
ച്ചാടിത്തിമർത്തു മെതിപ്പതിന്നായ്
(മൂഢതയെക്കാളുപരിയൊന്നില്ലല്ലോ
മൂവുലകത്തിലും നിർഘൃണത്വം)
വെട്ടിച്ചെടുത്താ മനോഹര വസ്തുവാൽ
കൊട്ടാരം തീർത്തു തുടങ്ങിയത്രേ

കവിതാഭാഗങ്ങൾ വായിക്കുന്നു.

- 'നാഭിയിലൊരിത്തിരി..............' എന്നു തുടങ്ങുന്ന വരികളിലെ ആശയമെന്ത്?
- ആശയം അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?
- പ്രയോഗങ്ങളുടെ പ്രത്യേകത എന്ത്?
- കസ്തൂരി മാനിനു എന്തു പ്രശ്നമാണുണ്ടാക്കുന്നത്?
- പാട്ടിൽ തേൻപുരണ്ടത്, കിളിക്ക് എന്ത് പ്രശ്നമുണ്ടാക്കി?
- കസ്തൂരി, മാൻ എന്നീ പ്രയോഗങ്ങളിലൂടെ കവി ധ്വനിപ്പിക്കുന്നതെന്ത്?
- ഈ വിശിഷ്ട ഗുണങ്ങൾ കവിക്ക് എന്ത് പ്രശ്നങ്ങളുണ്ടാക്കുന്നുവെന്നാണ് കവിതയിൽ പറയുന്നത്?

♦ യുസഫലി കേച്ചേരി ഒരു കവിയെന്ന നിലയിൽ നേരിടേണ്ടി വന്ന യാതനകളും വേദനകളുമാണ് ഈ വരികളിൽ തെളിയുന്നത്.

- 'പിമ്പു പിമ്പുണ്ടായ ...........' എന്നു തുടങ്ങുന്ന വരികളിലെ ആശയമെന്ത്?
- എന്തു സത്യമാണ് അറിയാതെ പോയത്?
- ഗായകൻ അനുഭവിക്കേണ്ടി വന്ന പ്രശ്നങ്ങൾ എന്തൊക്കെയായിരുന്നു?
- കലാകാരനെന്ന നിലയിൽ ഗായകൻ വേട്ടയാടപ്പെട്ടിട്ടുണ്ടോ?

15 മിനിട്ട്

**താരതമ്യക്കുറിപ്പ് തയ്യാറാക്കുക** 10 മിനിട്ട്

ലോകത്തെങ്ങുമുള്ള കലാകാരന്മാർ നേരിട്ടുകൊണ്ടിരിക്കുന്ന ജീവിതദുരന്തങ്ങൾ യൂസഫലി കേച്ചേരിയും അക്കിത്തവും എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത്.

താരതമ്യക്കുറിപ്പ് തയ്യാറാക്കുക.

വ്യക്തിഗത രചന

പരസ്പരം കൈമാറി വിലയിരുത്തലും മെച്ചപ്പെടുത്തലും

വിലയിരുത്തൽ സൂചകങ്ങൾ തയ്യാറാക്കുന്നു. 10 മിനിട്ട്

| **സൂചകങ്ങൾ** |
| --- |
| - കവിതകളിലെ ആശയം കണ്ടെത്തിയിട്ടുണ്ട്. |
| - അവ താരതമ്യം ചെയ്തിട്ടുണ്ട്. |
| - വിശകലനം ചെയ്ത് സ്വാഭിപ്രായം സമർത്ഥിച്ചിട്ടുണ്ട്. |
| - ഉചിതമായ ഭാഷ പ്രയോഗിച്ചിട്ടുണ്ട്. |

10 മിനിട്ട്

മെച്ചപ്പെട്ടവയുടെ അവതരണം

എഡിറ്റിങ്ങ്

'ഗാന്ധിയും കവിതയും' എന്ന കവിതയുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങൾ അധ്യാപിക ഉന്നയിക്കുന്നു.

- ഈ കവിതയിലെ ആശയമെന്ത്?
- കവിതാചരിത്രത്തെക്കുറിച്ച് എന്തൊക്കെ കാര്യങ്ങളാണിതിൽ പറയുന്നത്?
- ഗാന്ധിജി കവിതക്ക് നൽകുന്ന ഉപദേശമെന്ത്?
- തെരുവിലും വയലിലും ചെല്ലാൻ പറയുന്നതിന്റെ പൊരുളെന്ത്?
- ഗാന്ധിജിക്കും കവിക്കും കവിതയുടെ പ്രയോജനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടെന്ത്?

♦ ഇത്തരത്തിൽ കവിതകൾ സാമൂഹിക ജീവിതയാഥാർത്ഥ്യങ്ങൾ പ്രതിഫലിപ്പിക്കുന്നുണ്ടോ? ഏഴാം യൂണിറ്റിലെ ഓരോ കവിത ഓരോ ഗ്രൂപ്പിൽ നൽകുന്നു തങ്ങൾക്ക് ലഭിച്ച കവിതകൾ ഈ കാഴ്ചപ്പാടിൽ വിശകലനം ചെയ്യുന്നു. 15 മിനിട്ട്

വ്യക്തിഗതമായി വിശകലനക്കുറിപ്പ് തയ്യാറാക്കുന്നു. 10 മിനിട്ട്

സ്വയം മെച്ചപ്പെടുത്തൽ

ഗ്രൂപ്പിൽ കൈമാറി മെച്ചപ്പെടുത്തൽ

ഓരോ ഗ്രൂപ്പിലെയും കുറിപ്പുകൾ അടുത്ത ഗ്രൂപ്പിന് നൽകി വിലയിരുത്തൽ

വിലയിരുത്തൽ സൂചകങ്ങൾ തയ്യാറാക്കുന്നു.

| **സൂചകങ്ങൾ** |
| --- |
| കവിതയിലെ സാമൂഹിക തലം കണ്ടെത്തിയിട്ടുണ്ട്. |
| തെളിവുകൾ സമർഥിച്ചിട്ടുണ്ട്. |
| മൗലികമായ നിരീക്ഷണം നടത്തിയിട്ടുണ്ട്. |
| ഉചിതമായ ഭാഷ പ്രയോഗിച്ചിട്ടുണ്ട്. |

മെച്ചപ്പെട്ടവ അവതരിപ്പിക്കുന്നു എഡിറ്റിങ്ങ് 20 മിനിട്ട്

## പ്രവർത്തനപത്രിക (തുടർപ്രവർത്തനം)

പാഠപുസ്തകത്തിലെ മുഴുവൻ കവിതകളിലൂടെയും കടന്നു പോയല്ലോ. അതിലൂടെ കവിതകളുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ നിങ്ങൾ ചർച്ച ചെയ്തിട്ടുണ്ടാകും. അത്തരം ചർച്ചകളുടെ അടിസ്ഥാനത്തിൽ താഴെ കാണുന്ന പട്ടിക സ്വയം പൂർത്തിയാക്കുക. (പൂർത്തീകരിക്കാൻ പ്രയാസം നേരിട്ടാൽ പാഠപുസ്തകത്തിന്റെ സഹായം തേടാം.)

| കവിതയുടെ പേര് | കവി/രചയ്താവ് | കവിതയുടെ പ്രമേയം | കവിതയുടെ ആനുകാലിക പ്രസക്തി | കവിതയുടെ മറ്റു പ്രധാന സവിശേഷതകൾ |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

കവിതാചാർട്ട് പൂർത്തീകരിച്ചല്ലോ? താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾ വായിച്ചു നോക്കൂ.

- പൗരാണിക സംഭവങ്ങൾ പശ്ചാത്തലമായ കവിതകൾ ഏതൊക്കെ?
- പൗരാണിക സംഭവങ്ങൾ ആനുകാലികമായി വിലയിരുത്താൻ കഴിയുന്നവയാണോ? എന്തുകൊണ്ട്?
- ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ട ഏതെല്ലാം കാര്യങ്ങളാണ് കവിതകളിൽ ചർച്ച ചെയ്യപ്പെടുന്നത്?

- ആനുകാലിക സംഭവങ്ങൾ ഏറ്റവും മനോഹരമായി ആവിഷ്കരിച്ചിരിക്കുന്നവർ ആരൊക്കെ?
- ആനുകാലിക സംഭവങ്ങൾ ശക്തമായി ആവിഷ്ക്കരിക്കുന്ന മറ്റേതെല്ലാം കവിതകൾ നിങ്ങൾക്കറിയാം?

ചോദ്യങ്ങളുടെ ഉത്തരം മനസ്സിൽ കുറിച്ചല്ലോ... അതിന്റെ അടിസ്ഥാനത്തിൽ ആനുകാലിക സംഭവങ്ങൾ മലയാളകവിതയിൽ' എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രബന്ധം തയ്യാറാക്കുക.

15 മിനിട്ട്

**എന്റെ വിലയിരുത്തൽ**

1. കവിതകളുടെ പ്രത്യേക്തകൾ സ്വതന്ത്രമായി കണ്ടെത്താൻ എനിക്കു കഴിഞ്ഞു.

പൂർണമായി ☐ ഭാഗികമായി ☐ തീരെയില്ല ☐

2. കവിതകളുടെ പ്രത്യേകതകൾ പുസ്തകത്തിന്റെ സഹായത്തോടെ കണ്ടെത്താൻ എനിക്കു സാധിച്ചു.

പൂർണമായി ☐ ഭാഗികമായി ☐ തീരെയില്ല ☐

3. കവിതകളിൽ നിന്നു ആനുകാലിക സംഭവങ്ങൾ കണ്ടെത്താൻ എനിക്കു കഴിയുന്നുണ്ട്.

പൂർണമായി ☐ ഭാഗികമായി ☐ തീരെയില്ല ☐

4. കവിതകളുടെ മറ്റു പ്രധാന സവിശേഷതകൾ കണ്ടെത്താൻ എനിക്കു കഴിയുന്നുണ്ട്.

പൂർണമായി ☐ ഭാഗികമായി ☐ തീരെയില്ല ☐

5. കണ്ടെത്തിയ ആശയങ്ങൾ പ്രബന്ധരീതിയിൽ അവതരിപ്പിക്കാൻ എനിക്കു കഴിയുന്നുണ്ട്?

പൂർണമായി ☐ ഭാഗികമായി ☐ തീരെയില്ല ☐

♦ എനിക്കു നേരിട്ട പ്രയാസങ്ങൾ:

♦ മെച്ചപ്പെടാൻ ഞാൻ ആഗ്രഹിക്കുന്ന സഹായങ്ങൾ:

## യൂണിറ്റ് 8

"യഥാർത്ഥത്തിൽ ആസ്വാദ്യമായ ഒരലങ്കാരം ശരിയായ ഒരു പ്രതിരൂപസൃഷ്ടിയാണ്. 'മിന്നൽപ്പിണരുകൾ വല്ലകീതന്ത്രികൾ മീട്ടുന്നു' എന്നോ 'വരണ സമുചിതമായ മാല്യം കരളിന്റെ തന്ത്രികയിൽ കോർത്തു വെച്ചിരിക്കുന്നു' എന്നോ ടാഗൂർ പറയുമ്പോൾ അപൂർവ്വ മോഹനങ്ങളായ ചില ചിത്രങ്ങളാണ് നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. കവിത ചിത്രകലയോട് എത്ര കണ്ടെടുത്താണ് നിൽക്കുന്നതെന്ന് കാണിക്കാനാണ് ഇത്രയും പറഞ്ഞത്."

കലകളുടെ പരസ്പര ബന്ധം എന്ന ലേഖനത്തിൽ സാഹിത്യകലയെയും ചിത്രകലയെയും ബന്ധിപ്പിച്ചു കൊണ്ട് എസ്. ഗുപ്തൻ നായർ ഇങ്ങനെ അഭിപ്രായപ്പെടുന്നു.

- അപൂർവ്വ മോഹനങ്ങളായ ചിത്രങ്ങൾ എന്നു വിശേഷിപ്പിക്കപ്പെട്ട ടാഗൂറിന്റെ വരികൾ ഏതൊക്കെ?
- ഈ വരികളിൽ അത്തരമൊരു ചിത്രം ദൃശ്യമാകുന്നുണ്ടോ? എങ്കിൽ എന്തു കൊണ്ട്?

വരികൾ വിശകലനം ചെയ്ത് വാങ്മയ ചിത്രങ്ങൾ കണ്ടെത്തുന്നു.

സാഹിത്യം ചിത്രകലയോട് എത്ര അടുത്തു നിൽക്കുന്നുവെന്നാണ്
ഇതിൽ നിന്നു മനസ്സിലാവുന്നത്?

ചർച്ച, ക്രോഡീകരണം 15 മിനിട്ട്

**നിഗമനകുറിപ്പ് തയ്യാറാക്കുക**

'ഉടൻ മഹാദേവിയിടത്തുകൈയാൽ
അഴിഞ്ഞവാർപൂങ്കുഴലൊന്നൊതുക്കി
ജ്വലിച്ചകൺകൊണ്ടൊരു നോക്കു നോക്കി.
പാർശ്വസ്തനാകും പതിയോടുരച്ചു'

എണ്ണിടുന്നൊളിവിൽ വന്നു പീഡയാം
വണ്ണമെൻ മിഴികൾ പൊത്തിയെന്നതും
തിണ്ണമങ്ങതിൽ വലഞ്ഞു കേഴുമെൻ
കണ്ണുനീരു കനിവിൽ തുടച്ചതും.

ഈ വരികളിൽ തെളിയുന്ന വാങ്മയ ചിത്രം വിശദീകരിച്ച് ഗുപ്തൻ നായരുടെ അഭിപ്രായത്തിന്റെ സാധുത പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക. 10 മിനിട്ട്

സ്വയം മെച്ചപ്പെടുത്തൽ

പരസ്പരം കൈമാറി വിലയിരുത്തൽ

സൂചകങ്ങൾ തയ്യാറാക്കുന്നു. 10 മിനിട്ട്

| സൂചകങ്ങൾ |
|---|
| വാങ്മയ ചിത്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്. |
| ഗുപ്തൻ നായരുടെ അഭിപ്രായത്തിന്റെ സാധുത പരിശോധിച്ചിട്ടുണ്ട്. |
| സ്വന്തം നിഗമനം അവതരിപ്പിച്ചിട്ടുണ്ട്. |
| അനുയോജ്യമായ ഭാഷ പ്രയോഗിച്ചിട്ടുണ്ട്. |

മെച്ചപ്പെട്ടവ അവതരിപ്പിക്കുന്നു. എഡിറ്റിങ്ങ്. 5 മിനിട്ട്

**പ്രവർത്തനം 2**

'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്'

നിന്നെപ്പോലെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കുക'

ഈ സൂക്തങ്ങൾ അധ്യാപകൻ ബോർഡിൽ എഴുതുന്നു.

- എന്താണ് ഈ വരികളുടെ ആശയം? സന്ദേശം?

ചോദ്യമുന്നയിക്കുന്നു. ചർച്ച ക്രോഡീകരണം

മാനവസാഹോദര്യം, സ്നേഹം എന്നിവ വിളംബരം ചെയ്യുന്ന കുട്ടികൾക്കറിയാവുന്ന മൊഴിമുത്തുകയും കവിതാഭാഗങ്ങളും പറയട്ടെ. ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- ഇവയിൽ നിന്നും നിങ്ങൾ ഉൾക്കൊള്ളുന്ന ജീവിതപാഠങ്ങൾ എന്തെല്ലാം?
- മാനവികമൂല്യങ്ങളുടെ ഇന്നത്തെ അവസ്ഥ എന്ത്?

പഥികന്റെ പാട്ട്, സമകാലികസംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തി വിശദമായി ചർച്ച ചെയ്യുന്നു.

| ക്രോഡീകരണം |
|---|
| മാനവികമൂല്യങ്ങൾ, മാനവികതനേരിടുന്ന വെല്ലുവിളികൾ ഭീകരവാദം, വർഗ്ഗീയത, ജാതീയത, പ്രാദേശികവാദം, യുദ്ധങ്ങൾ. |

സ്നേഹകാരുണ്യങ്ങൾ നഷ്ടപ്പെട്ട് ലോകം നശിച്ചുകൊണ്ടിരിക്കുന്നു.

- അതുകൊണ്ട് മാനവികമൂല്യങ്ങൾ തിരിച്ചുപിടിക്കുന്നതിന് മനുഷ്യത്വമുള്ള ഒരു തലമുറ വളർന്നു വരുന്നതിനും നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?
- നമുക്ക് മാർഗ്ഗദീപങ്ങളായി പ്രകാശിക്കുന്ന മഹാത്മാക്കൾ ആരെല്ലാം?

കുട്ടികൾ പ്രതികരിക്കുന്നു.

ക്രോഡീകരണം.

- മാനവിക സന്ദേശം പ്രചരിപ്പിക്കുന്നതിനും മാനവികമൂല്യങ്ങൾ വളർത്തുന്നതിനുമുള്ള വിവിധ പ്രവർത്തനങ്ങൾ.
- ബുദ്ധൻ, ക്രിസ്തു, മുഹമ്മദ്റബി, ഗാന്ധിജി, ശ്രീനാരായണഗുരു വിവേകാനന്ദൻ.

'നാം ഉറങ്ങിക്കിടക്കുമ്പോൾ പോലും ലോകപാലകൻമാരായ മഹാതേജസ്വികൾ നമ്മുടെ സ്വപ്നത്തിൽപോലും പ്രവേശിക്കുന്നു. നമ്മുടെ അയൽക്കാരോട് തോന്നിയ പൗരുഷ്യത്തെപ്പറ്റി ഉള്ളിൽ വ്യഥയുണ്ടാക്കുന്നു. വീടുകളിൽ നിഷ്ക്കളങ്കമായി ഉറങ്ങുന്ന കുഞ്ഞുങ്ങളുടെ നാളെയെ ഓർത്ത് കരുതലുകൾ ചെയ്യുവാൻ നമ്മെ ഓർമ്മിപ്പിക്കുന്നു. മ്ലാനമായ മുഖങ്ങൾക്ക് നല്ല വാക്കിന്റെ ഉത്സാഹം പകർന്നുകൊടുത്ത് മുഖത്തും ഹൃദയത്തിലും ആത്മാവിലും ആഹ്ലാദം ചൊരിയുവാൻ നമുക്ക് പ്രേരണ നല്കുന്നു....'

'നല്ല കൃഷിക്കാരൻ തോട്ടത്തിൽ നിന്ന് യഥാകാലം വിത്തുകൾ ശേഖരിച്ച് അറയിൽ വെക്കുന്നതുപോലെ മാനവികതയുടെ മൂല്യങ്ങളെ ഭദ്രമായി ശേഖരിച്ചു വെക്കുന്ന സന്മതികൾ നമ്മുടെ ഇടയിലുണ്ട്.'

മാനവികതയുടെ വിത്തുകൾ വിതയ്ക്കാം.

(നിത്യചൈതന്യയതി)

നിത്യചൈതന്യയതിയുടെ ലേഖനത്തിലെ നിരീക്ഷണങ്ങളും ചർച്ചയിൽ രൂപപ്പെട്ട ആശയങ്ങളും വിശകലനം ചെയ്തു മാനവിക മൂല്യങ്ങളും വിദ്യാർത്ഥികളും എന്ന വിഷയത്തിൽ നിങ്ങൾ ചെയ്യുന്ന ഒരു പ്രഭാഷണം തയ്യാറാക്കുക. 15 മിനിട്ട്

പ്രഭാഷണരചന

സ്വയം വിലയിരുത്തി മെച്ചപ്പെടുത്തൽ

വിലയിരുത്തിയതെങ്ങനെ? ചർച്ച ചെയ്ത് സൂചകങ്ങൾ രൂപീകരിക്കുന്നു.

പരസ്പരം കൈമാറി വിലയിരുത്തുന്നു.

മികച്ചവ അവതരണം, എഡിറ്റിങ്ങ് 15 മിനിട്ട്

**സൂചകങ്ങൾ**

ആശയം ഉൾക്കൊണ്ടിട്ടുണ്ട്.

മാനവികത നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

വിശകലനം ചെയ്തു നിലപാടുകൾ പരിഹാരങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

പ്രഭാഷണത്തിന്റെ ഘടന (തുടക്കം, വിഷയവികാസം, ഉപസംഹാരം

ശക്തമായ ഭാഷ



**പ്രവർത്തന പത്രിക (തുടർപ്രവർത്തനം)**

'ഇന്ത്യയുടെ തത്വജ്ഞാനത്തിന്റെ ഏറ്റവും ഉയർന്ന കൊടുമുടിയാണ് ഉപനിഷത്ത്, ലോകചിന്തയിലാകട്ടെ ആത്മീയാനുഭൂതിയുടെ അത്യുന്നതമായ ആദിശൃംഗവും.'
'ഹിമാലയം ഉപമിഷത്തിന്റെ ഭൂമിശാസ്ത്ര പശ്ചാത്തലവും ഉപനിഷത്ത് ഹിമാലയത്തിന്റെ ആത്മീയപശ്ചാത്തലവും ആണ്.'

- ആത്മാവിന്റെ ഹിമാലയം - സുകുമാർ അഴിക്കോട്

'ഈ രാജ്യത്തിന്റെ വടക്കേ അറ്റത്ത് നമ്മുടെ നൂലാമാലകളിൽ നിന്നെല്ലാം പിൻവാങ്ങി ഉയർന്നുയർന്നങ്ങനെ പോയി മേഘവീഥിയേയും പിന്നിട്ടു മാനസസരസ്സിലെ ഹംസങ്ങളുമായി തത്ത്വങ്ങളെക്കുറിച്ചാലോചിച്ചങ്ങനെ നില്ക്കുന്ന ഹിമവാനെ കാണുമ്പോൾ ഇന്ത്യയുടെ ആധ്യാത്മിക സമ്പത്താകെ ഒരിടത്തു കൂമ്പാരം കൂട്ടിയതുപോലെ തോന്നും.'

- വിന്ധ്യഹിമാലയങ്ങൾക്കിടയിൽ - ജോസഫ് മുണ്ടശ്ശേരി

- ഹിമാലയത്തിന്റെ എന്തൊക്കെ സവിശേഷതകളാണ് മുണ്ടശ്ശേരിയുടെ വാക്കുകളിൽ തെളിയുന്നത്?
- ഹിമാലയം ഇന്ത്യയുടെ ആധ്യാത്മിക സമ്പത്ത് ഒരിടത്ത് കൂമ്പാരം കൂട്ടിയതു പോലെ തോന്നുന്നു എന്ന് പറയാൻ കാരണമെന്തായിരിക്കും?
- ഹിമാലയം ഉപനിഷത്തിന്റെ ഭൂമിശാസ്ത്ര പശ്ചാത്തലമാണ് എന്നു പറയുന്നതിന്റെ പൊരുളെന്ത്?
- കാളിദാസഭാവനയിലെ ഹിമാലയത്തെക്കുറിച്ച് ലേഖകൻമാർ നിരീക്ഷിക്കുന്നത് എന്തെല്ലാം?
- രണ്ടു നിരീക്ഷണങ്ങളും തമ്മിൽ എത്രമാത്രം പൊരുത്തമുണ്ട്?
- ഉപനിഷത്തിന്റെ ഏറ്റവും അനുയോജ്യമായ ഉപമാനമാണ് ഹിമാലയം എന്ന പ്രസ്താവന ഹിമാലയത്തിന്റെയും ഉപനിഷത്തിന്റെയും എന്തെല്ലാം പ്രത്യേകതകളാണ് വ്യക്തമാക്കുന്നത്.

മുകളിൽ നല്കിയിരിക്കുന്ന പ്രസ്താവനകളും രണ്ട് ലേഖനങ്ങളും വിശകലനം ചെയ്തല്ലോ. ഹിമാലയത്തെക്കുറിച്ചുള്ള ലേഖകന്മാരുടെ നിരീക്ഷണങ്ങൾ വിശകലനം ചെയ്തു ഹിമാലയവും ഭാരത്തിന്റെ അതമീയസമ്പത്തും എന്ന വിഷയത്തിൽ ലഘുബന്ധം തയ്യാറാക്കുക.

**എന്റെ വിലയിരുത്തൽ**

1 ലേഖനങ്ങളുടെ ആശയം കണ്ടെത്താൻ കഴിയുന്നുണ്ട്.

പൂർണമായി ☐ ഭാഗികമായി ☐ തീരെയില്ല ☐

2 ആശയങ്ങൾ വിശകലനം ചെയ്യാൻ കഴിയുന്നുണ്ട്.

പൂർണമായി ☐ ഭാഗികമായി ☐ തീരെയില്ല ☐

3. ആശയങ്ങൾ ക്രോഡീകരിച്ച് ലഘുപ്രബന്ധം തയ്യാറാക്കാൻ കഴിയുന്നുണ്ട്.

പൂർണമായി ☐ ഭാഗികമായി ☐ തീരെയില്ല ☐

- നേരിട്ട പ്രയാസങ്ങൾ:

- മെച്ചപ്പെടാൻ ഞാൻ ആഗ്രഹിക്കുന്ന സഹായങ്ങൾ:

# മലയാളം II

## പാത്തുമ്മായുടെ ആട്

**ആകെ പ്രവർത്തനം - 12**

**സമയം - 10 മണിക്കൂർ**

'ടീച്ചർ കവിതയുടെ ചാർട്ട് പ്രദർശിപ്പിക്കുന്നു.

ഇന്ത്യയെന്റെ രാജ്യം
എന്റെ സ്വന്തരാജ്യം
ഇന്ത്യയെന്റെ ജീവനേക്കാൾ
ജീവനായ രാജ്യം'

(ചെമ്മനം ചാക്കോ)

- ഈ വരികളിൽ പരാമർശിക്കുന്നതെന്തൊക്കെ?
- ഈ വരികൾക്ക് ഇപ്പോൾ എന്തെങ്കിലും പ്രസ്ക്തിയുണ്ടോ?
- മാതൃരാജ്യത്തിനുവേണ്ടി ജീവൻ ത്യജിക്കാൻ തയ്യാറുള്ളവർ ആരൊക്കെയാണ്?
- രാജ്യത്തിനുവേണ്ടി ജീവൻ ത്യജിക്കേണ്ടതുണ്ടോ?
- രാജ്യം ഇപ്പോൾ നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണ്?

തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിക്കുന്നു.

ചർച്ച, ക്രോഡീകരണം 15 മിനിട്ട്

B.B യിൽ-

ഭീകരവാദം
വർഗ്ഗീയത
സാമ്പത്തികത്തകർച്ച
പട്ടിണി, തൊഴിലില്ലായ്മ
വിഘടനവാദം
പൊതുരംഗത്തെ അഴിമതി

ഇന്ത്യയുടെ സ്വാതന്ത്ര്യവും പരമാധികാരവും വെല്ലുവിളിനേരിടുന്ന ഈ സമയത്താണ് നമ്മുടെ രാജ്യത്തിന്റെ 60ാമതു റിപ്പബ്ലിക് ദിനം വന്നെത്തുന്നത്.

- എങ്കിൽ ഈ റിപ്പബ്ലിക് ദിനാഘോഷം വിപുലമായി നടത്തുന്നതിന് നാം ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഏതൊക്കെ?

ചോദ്യം ഉന്നയിക്കുന്നു. കുട്ടികൾ വിവിധ പ്രവർത്തനങ്ങൾ നിർദേശിക്കുന്നു. അധ്യാപകനും ചർച്ചയുടെ ഭാഗമായി ചില പ്രവർത്തനങ്ങൾ നിർദേശിക്കുന്നു. ചർച്ചയിൽ കുട്ടികൾ പറയുന്നതും അധ്യാപിക നിർദേശിക്കുന്നതും BBയിൽ എഴുതണം.

| |
|---|
| ദേശാഭിമാന ദീപം തെളിയിക്കാൻ (ഇന്ത്യയുടെ ആകൃതിയിൽ ആക്കാം) പ്രഭാഷണം. നോട്ടീസ് പോസ്റ്റർ, മുദ്രാഗീതം, വാർത്ത സെമിനാർ, സർവ്വേ, വിളംബരജാഥ.... മുതലായവ |

ഇത്രയും പ്രവർത്തനങ്ങൾ നാം ഏറ്റെടുക്കേണ്ടതുണ്ട്. ഈ ആഘോഷപരിപാടികൾക്ക് അനുയോജ്യമായൊരു പേര് നിർദ്ദേശിക്കുക.

കുട്ടികൾ പ്രതികരിക്കട്ടെ.

ഏറ്റവും അനുയോജ്യമായത് തെരഞ്ഞെടുക്കുന്നു.

| |
|---|
| **ടീച്ചറോട്-** |
| ദേശാഭിമാന ദീപമാല എന്ന പേര് വേണമെങ്കിൽ നിർദ്ദേശിക്കാം. പഠനപ്രവർത്തനത്തിന്റെ ഭാഗമായി ജനുവരി 26ന് സ്കൂളുകളിൽ പ്രാദേശിക സഹകരണത്തോടെ (ജനപ്രതിനിധികൾ, സ്വാതന്ത്ര്യസമരസേനാനികൾ സാമൂഹ്യപ്രവർത്തകർ എന്നിവരെ ക്ഷണിക്കണം) വിപുലമായി സംഘടിപ്പി ക്കേണ്ടതാണ്. |

പ്രവർത്തനം 1

ദേശാഭിമാന ദീപമാല... യുടെ സന്ദേശം പ്രചരിപ്പിക്കുന്നതിനായി നമുക്കെന്തെല്ലാം ചെയ്യാൻ കഴിയും?

| |
|---|
| ക്ഷണക്കത്ത് |
| നോട്ടീസ് |
| പോസ്റ്റർ |
| മുദ്രാഗീതങ്ങൾ |

BBയിൽ

10 മിനിട്ട്

- ജനുവരി 26 ന് സ്കൂളിൽ നടത്തേണ്ട പരിപാടികൾ എന്തൊക്കെ?
- അദ്ധ്യക്ഷൻ ആര്?
- ഉദ്ഘാടനം ആര്?

- സ്വാഗതം, ആശംസ, നന്ദി ആര്?

തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിക്കുന്നു.

(ഓരോന്നും വ്യക്തമായ തീരുമാനത്തിലെത്തണം)

ഈ കാര്യങ്ങൾ ഉൾപ്പെടുത്തി നോട്ടീസ്, ക്ഷണക്കത്ത്, പോസ്റ്റർ, മുദ്രാഗീതം ഇവ തയ്യാറാക്കാം.

5 പേർ വീതമുള്ള ഗ്രൂപ്പുകളാക്കി തിരിക്കുന്നു. 15 മിനിട്ട്

ഓരോ ഗ്രൂപ്പിനും ഓരോ ഇനം കൊടുക്കുന്നു.

ഓരോ ഗ്രൂപ്പും തങ്ങൾക്ക് ലഭിച്ച വ്യവഹാരരൂപത്തിന്റെ പ്രത്യേകതകൾ ചർച്ച ചെയ്യുന്നു.

വ്യക്തിഗതരചന

ഗ്രൂപ്പിൽ അവതരണം

മെച്ചപ്പെടുത്തൽ

ഗ്രൂപ്പുകൾ രചനകൾ കൈമാറി വായിക്കുന്നു.

മൂല്യനിർണ്ണയ സൂചകങ്ങൾ രൂപപ്പെടുത്തുന്നു.

**മൂല്യനിർണ്ണയ സൂചകങ്ങൾ**

**നോട്ടീസ്**

ഘടന - 1

ആകർഷകമായ ക്രമീകരണം-1

വിവരങ്ങൾ -2

**ക്ഷണക്കത്ത്**

ആശയം - 2

ആകർഷണിയത- 1

ഘടന - 1

**പോസ്റ്റർ**

ആകർഷണിയത-1

സംക്ഷിപ്തത- 1

ആശയം - 1

**മുദ്രാഗീതം**

ആശയം പ്രകടിപ്പിച്ചിട്ടുണ്ട്- 1

പദമേളനം - 1

ആശയം - 1

ആകർഷണിയത-1

രചനകൾ പരസ്പരം കൈമാറി വിലയിരുത്തുന്നു.

മികച്ചവ അവതരിപ്പിക്കുന്നു. 5 മിനിട്ട്

**പ്രവർത്തനം 2**

പത്രവാർത്ത-

## റിപ്പബ്ലിക് ദിനത്തിൽ സ്കൂളുകളിൽ ദേശാഭിമാന ദീപമാല

ഈ വർഷത്തെ റിപ്പബ്ലിക് ദിനവുമായി ബന്ധപ്പെട്ട പത്രവാർത്തയുടെ തലക്കെട്ടാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ദേശാഭിമാന ദീപമാലയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പത്രങ്ങളിൽ നൽകാനുള്ള വാർത്ത തയ്യാറാക്കാം.

എന്തെല്ലാം ഇൾപ്പെടുത്തണം 10 മിനിട്ട്

BBയിൽ -
ദേശാഭിമാന ദീപമാല ഉദ്ദേശ്യങ്ങൾ, സംഘടിപ്പിക്കുന്ന സ്ഥലം, തിയ്യതി, സമയം, പങ്കെടുക്കുന്നവർ, കാര്യപരിപാടി.

വ്യക്തിഗതമായി പത്രവാർത്ത തയ്യാറാക്കാനാവശ്യപ്പെടുന്നു. 15 മിനിട്ട്

പൊതുഅവതരണം

- മികച്ചതേത്?
- എന്തുകൊണ്ട്?

ചർച്ച

സൂചകങ്ങൾ കുട്ടികൾ തന്നെ വികസിപ്പിക്കുന്നു.

**സൂചകങ്ങൾ**

ദേശാഭിമാന ദീപമാലയുടെ ആശയങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
റിപ്പബ്ലിക് ദിനത്തിലെ പരിപാടികളുടെ പ്രത്യേകതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
കണ്ടെത്തിയ ആശയങ്ങൾ ക്രമീകൃതമായി പത്രഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്.
പത്രവാർത്തയുടെ ഘടന പാലിച്ചിട്ടുണ്ട്.

മെച്ചപ്പെടുത്തൽ

**ടീച്ചറോട്-**
എഡിറ്റിംഗിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം. 10 മിനിട്ട്

**പ്രവർത്തനം 3**

**പ്രഭാഷണം**

ദേശാഭിമാന ദീപമാലയുടെ ഭാഗമായി റിപ്പബ്ലിക് ദിനത്തിൽ നാം നടത്തുന്ന സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാനുള്ള പ്രഭാഷണം തയ്യാറാക്കിയാലോ?

- പ്രഭാഷണത്തിൽ എന്തൊക്കെ ഉൾക്കൊള്ളിക്കാം?

ടീച്ചർ ചോദ്യം ഉന്നയിക്കുന്നു.

ചർച്ച

**ക്രോഡീകരണം BB യിൽ** 15 മിനിട്ട്

ഭീകരവാദത്തിന്റെ കാരണങ്ങൾ

ഫലങ്ങൾ

രാജ്യത്തിന്റെ അഖണ്ഡത നഷ്ടപ്പെടുന്നു.

നിരപരാധികൾ ശിക്ഷിക്കപ്പെടുന്നു.

സമ്പത്ത് നശിക്കുന്നു.

ഐക്യബോധം നശിക്കുന്നു.

മുൻകരുതലുകൾ

ഉദാഹരണങ്ങൾ സഹിതം.

വ്യക്തിഗതമായി പ്രഭാഷണം തയ്യാറാക്കുന്നു. 15 മിനിട്ട്

പൊതു അവതരണം.

- മെച്ചപ്പെട്ടത് ഏത്?
- മെച്ചപ്പെടാനുള്ള കാരണം?

കുട്ടികൾ തന്നെ മൂല്യനിർണ്ണയ സൂചകങ്ങൾ കണ്ടെത്തുന്നു. 10 മിനിട്ട്

**സൂചകങ്ങൾ**

ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.

കാര്യകാരണ സഹിതം സമർത്ഥിട്ടുണ്ട്.

ആശയക്രമീകരണം/ ഭാഷ - 1

ഉചിതമായ ഘടന - 1

മികവുകൾ പ്രശ്നങ്ങൾ ഇവ കണ്ടെത്തുന്നു.

പൊതു ചർച്ച, മെച്ചപ്പെടുത്തൽ. 10 മിനിട്ട്

**പ്രവർത്തനം 4**

**എഡിറ്റോറിയൽ കുറിപ്പ്**

ഭീകരവാദത്തിന്റെ ഇരയായ ഒരമ്മയുടെ തേങ്ങൽ നാം പത്രമാധ്യമങ്ങളിൽ നിന്ന് അറിഞ്ഞിട്ടുണ്ടാകാം.

## അമ്മമാർ ഭയക്കുന്നു... മക്കളെ ഭീകരരാക്കുന്നവരെ

മകന്റെ ജഡം കാണേണ്ടെന്ന് ഫയാസിന്റെ ഉമ്മ സഫിയ. രാജ്യദ്രോഹിയായ മകന്റെ ജഡം പോലും കാണേണ്ടതില്ലെന്നു പറഞ്ഞ സഫിയ മനസ്സിൽ ആധിപുകയുന്ന അമ്മമാരുടെ പ്രതീകമാണ്. മകനെ കൂട്ടിക്കൊണ്ട് പോയി കുരുതി കൊടുക്കുക യായിരുന്നുവെന്ന് ഉമ്മ പൊട്ടിക്കരഞ്ഞു കൊണ്ട് പറഞ്ഞു.

ടീച്ചർ പത്രവാർത്ത കുട്ടികളെ ക്കൊണ്ട് വായിപ്പിക്കുന്നു.

ഭീകരവാദത്തിന് കാരണമാകുന്ന സാഹചര്യങ്ങൾ ഏതൊക്കെ?

ചർച്ച

**BB**യിൽ- 15 മിനിട്ട്

- പട്ടിണി, ദാരിദ്ര്യം
- തൊഴിലില്ലായ്മ
- ഭീകരസംഘടനകൾ
- ശത്രു രാജ്യങ്ങളുടെ ഇടപെടൽ
- അഴിമതി

മുകളിൽ ചർച്ച ചെയ്ത് വസ്തുതകൾ പ്രയോജനപ്പെടുത്തി ദേശാഭിമാന ദീപമാലയുടെ ഭാഗമായി പുറത്തിറക്കുന്ന സമാഹാരത്തിന് അനുയോജ്യമായ എഡിറ്റോറിയൽ കുറിപ്പ് തയ്യാറാക്കുക. 10 മിനിട്ട്

വ്യക്തിഗതം

പൊതു അവതരണം

മെച്ചപ്പെട്ടത് ഏത്?

എന്തു കൊണ്ട്?

സൂചകങ്ങൾ കുട്ടികൾ തന്നെ കണ്ടെത്തുന്നു.

**മൂല്യനിർണ്ണയ സൂചകങ്ങൾ**

**സൂചകങ്ങൾ**

വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്. - 2

യുക്തിപൂർവ്വം, ഉദാഹരണ സഹിതം സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.-2

അനുയോജ്യമായ ഭാഷ

ഘടന 1

നവംബർ 27, 28 തിയ്യതികളിൽ (2008 നവംബർ) പത്ര മാധ്യമങ്ങളിൽ എഡിറ്റോറിയലുകൾ കുട്ടികൾക്ക് വായിക്കാനവസരം കൊടുക്കണം. അവർ എഴുതിയ എഡിറ്റോറിയലുമായി താരതമ്യം ചെയ്യട്ടെ.

മെച്ചപ്പെടുത്തുന്നു. അവതരണം 15 മിനിട്ട്

പ്രവർത്തനം 5

**ചോദ്യാവലി**

നമ്മുടെ പ്രദേശത്തെ ജനങ്ങൾ ഭീകരവാദപ്രവർത്തനത്തെ എങ്ങനെ നോക്കിക്കാണുന്നു. ജനങ്ങളുടെ മനസ്സറിയാൻ എന്തു പ്രവർത്തനമാണ് നാം നടത്തേണ്ടത്.

ചർച്ചയിലൂടെ സർവ്വെ നടത്താൻ ധാരണയാകുന്നു.

സർവ്വെക്കുള്ള ചോദ്യാവലി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

ചർച്ച - ക്രോഡീകരണം

**BB യിൽ** 15 മിനിട്ട്

| |
|---|
| വ്യക്തിഗതവിവരങ്ങൾ |
| വിഷയത്തെക്കുറിച്ചുള്ള അറിവ് |
| പത്ര മാധ്യമങ്ങളുടെ സ്വാധീനം |
| സ്വന്തം അഭിപ്രായങ്ങൾ |
| വിവിധ ചോദ്യമാതൃകകൾ |
| ഉണ്ട് ☐ ഇല്ല ☐ |

വ്യക്തിഗതമായി ചോദ്യാവലിതയ്യാറാക്കുന്നു

പൊതു അവതരണം

മെച്ചപ്പെട്ടത് ഏത്?

എന്തു കൊണ്ട്? 15 മിനിട്ട്

മൂല്യനിർണ്ണയ സൂചകങ്ങൾ കുട്ടികൾ തന്നെ രൂപപ്പെടുത്തുന്നു.

| **സൂചകങ്ങൾ** |
|---|
| വിവിധ ചോദ്യമാതൃകകൾ അവലംബിച്ചിട്ടുണ്ട്. 1 |
| വ്യക്തി വിവരങ്ങൾ രേഖപ്പെടുത്താൻ അവസരമുണ്ട്. 1 |
| ആശയപൂർണ്ണതയുള്ള ചോദ്യങ്ങൾ 2 |
| അഭിപ്രായപ്രകടനത്തിനുള്ള അവസരം 1 |
| ഘടന പാലിച്ചിട്ടുണ്ട് 1 |

മൂല്യനിർണ്ണയ സൂചകങ്ങൾക്കനുസരിച്ച് സ്വയം വിലയിരുത്തൽ, മെച്ചപ്പെടുത്തൽ.

15 മിനിട്ട്

**പ്രവർത്തനം 6**

**പുറന്താൾ**

ജനുവരി 26 റിപ്പബ്ലിക് ദിനവുമായി ബന്ധപ്പെടുത്തി നാം ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയല്ലോ. ദേശാഭിമാന ദീപമാലയുടെ ഭാഗമായി നടന്ന ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ഉല്പന്നങ്ങൾ സമാഹാരമായി പുറത്തിറക്കുന്നു. ഇതിനു വേണ്ടി നിങ്ങൾ തയ്യാറാക്കുന്ന പുറന്താൾ കുറിപ്പ് എഴുതുക.

- പുറന്താൾ കുറിപ്പിൽ എന്തൊക്കെ ഉൾപ്പെടുത്താം.

ചർച്ച

BB യിൽ 15 മിനിട്ട്

| |
|---|
| പ്രവർത്തനങ്ങളുടെ സംക്ഷിപ്തവിവരം |
| പ്രവർത്തനങ്ങളുടെ ലക്ഷ്യം |
| കണ്ടെത്തലുകൾ |
| സംക്ഷിപ്തമായ അവതരണം |
| ആകർഷണീയത |

വ്യക്തിഗതരചന

പൊതു അവതരണം

- മികച്ചത് ഏത്
- എന്തു കൊണ്ട് 15 മിനിട്ട്

മൂല്യനിർണ്ണയ സൂചകങ്ങൾ കുട്ടികൾ കണ്ടെത്തുന്നു.

| **സൂചകങ്ങൾ** |
|---|
| വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. 2 |
| അനുയോജ്യമായ വസ്തുതകൾ കണ്ടെത്തിയിട്ടുണ്ട്. 1 |
| കണ്ടെത്തലുകൾ യുക്തിപൂർവ്വം സമർത്ഥിച്ചിട്ടുണ്ട്. 2 |
| അനുയോജ്യമായ ഭാഷിഘടന പാലിച്ചിട്ടുണ്ട്. 1 |

15 മിനിട്ട്

ടീച്ചർ ഒന്ന് രണ്ടു പുസ്തകങ്ങളുടെ പുറന്താൾ കുറിപ്പ് കുട്ടികളെ പരിചയപ്പെടുത്തുന്നു. അവരെഴുതിയ പുറന്താൾ കുറിപ്പുമായി ഒത്തു ചേർന്ന മികവുകൾ പ്രശ്നങ്ങൾ സ്വയം കണ്ടെത്തുന്നു. സ്വയം മെച്ചപ്പെടുത്തുന്നു.

15 മിനിട്ട്

പ്രവർത്തനം 7

**കുറിപ്പ് തയ്യാറാക്കൽ**

സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടുന്ന വരാണല്ലോ സാഹിത്യകാരന്മാർ. ബഷീറും തന്റെ രചനകളിൽ അതതു കാലത്തെ സാമൂഹ്യ പ്രശ്നങ്ങൾ പ്രതിഫലിപ്പിച്ചിട്ടുണ്ട്. അത്തരത്തിലുള്ള നോവൽ കൂടിയാണ് പാത്തുമ്മയുടെ ആട്. മതേതരത്വമാണ് നമ്മുടെ സംസ്കാരത്തിന്റെ ജിവാത്മാവും പരമാന്മാവും. മതേതരത്വ സങ്കല്പം പാത്തുമ്മായുടെ ആടിൽ പ്രതിഫലിച്ചിട്ടുണ്ടോ.

അദ്ധ്യാപിക ചോദ്യം ഉന്നയിക്കുന്നു.

ചർച്ച 15 മിനിട്ട്

| |
|---|
| **ടീച്ചർക്ക്-** |
| നങ്ങേലിയുടെ മുലയും ഞാൻ കുടിച്ചിട്ടുണ്ട്. |
| നങ്ങേലിക്കമ്മയുടെ സ്ഥാനം |
| സർവ്വമതസ്ഥരും ബഷീറിന്റെ സുഹൃത്തുകൾ |
| ക്രിസ്ത്യാനി കുടുംബവുമായുള്ള ദൃഢബന്ധം |
| ജീവിതം മുന്നോട്ടു നയിക്കുന്നതിന് സന്യാസിയാവാനും മടിക്കുന്നില്ല. |

ചർച്ചയുടെ വെളിച്ചത്തിൽ **മതേതര സങ്കല്പം പാത്തുമ്മായുടെ ആടിൽ** എന്ന വിഷയത്തിന്റെ പ്രസക്തി ചൂണ്ടിക്കാണിച്ചു സ്വാഭിപ്രായം സമർത്ഥിച്ചു കുറിപ്പു തയ്യാറാക്കുക. 15 മിനിട്ട്

വ്യക്തിഗത രചന

പൊതു അവതരണം

- മികച്ചത് ഏത്?
- എന്തു കൊണ്ട്?

മൂല്യനിർണ്ണയ സൂചകങ്ങൾ കുട്ടികൾ തന്നെ വികസിപ്പിക്കുന്നു. 10 മിനിട്ട്

**സൂചകങ്ങൾ**

| |
|---|
| ആശയം കണ്ടെത്തിയിട്ടുണ്ട് - 2 |
| സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട് - 2 |
| നോവലിലെ സംഭവങ്ങൾ വിശകലനം ചെയ്തിട്ടുണ്ട് 2 |
| ആശയ ക്രമീകരണം - 1 |
| ഭാഷ - 1 |

മെച്ചപ്പെടുത്തുന്നു. 5 മിനിട്ട്

**പ്രവർത്തനം 8**

**കഥാപാത്രനിരൂപണം**

- പാത്തുമ്മായുടെ ആടിൽ നിങ്ങൾക്കിഷ്ടപ്പെട്ട കഥാപാത്രം ഏത്.
- എന്തു കൊണ്ട്?

കുട്ടികൾ പ്രതികരിക്കുന്നു.

അദ്ധ്യാപകൻ ചാർട്ട് പ്രദർശിപ്പിക്കുന്നു. 10 മിനിട്ട്

| കുരയ്ക്കും പട്ടി കടിക്കില്ല | ആടറിയുമോ അങ്ങാടി വാണിഭം | എല്ലുമുറിയെ പണിചെയ്താൽ പല്ലു മുറിയെ തിന്നാം. |
|---|---|---|
| 1<br><br>2<br><br>3<br><br>4 | 1<br><br>2<br><br>3<br><br>4 | 1<br><br>2<br><br>3<br><br>4 |

(മുകളിലെ കള്ളികളിൽ കഥാപാത്രത്തിന്റെ പേര് എഴുതണം)

**അദ്ധ്യാപകനോട്-**

ചാർട്ടിൽ ഓരോ കഥാപാത്രത്തെയും സൂചിപ്പിക്കുന്ന പഴഞ്ചൊല്ലുകൾ എഴുതിയിട്ടുണ്ട്. കഥാപാത്രത്തെ തിരിച്ചറിയലാണ് ആദ്യപ്രവർത്തനം. കഥാപാത്രങ്ങളുടെ സ്വഭാവത്തെ കുറിക്കുന്ന 4 സൂചനകൾ കുട്ടികൾ കണ്ടെത്തട്ടെ.

വ്യക്തിഗതമായി ചാർട്ട് പൂർത്തീകരിക്കുന്നു 20 മിനിട്ട്

പൊതു അവതരണം ചർച്ച

തുടർന്ന് ഏതെങ്കിലും ഒരു കഥാപാത്രത്തിന്റെ പ്രത്യേകതകൾ പരിഗണിച്ച് കഥാപാത്ര നിരൂപണം തയ്യാറാക്കുന്ന പൊതു അവതരണം.

- മെച്ചപ്പെട്ടവ ഏത്?
- എന്തു കൊണ്ട്?

മൂല്യനിർണ്ണയ സൂചകങ്ങൾ കുട്ടികൾ തന്നെ കണ്ടെത്തുന്നു. 10 മിനിട്ട്

**സൂചകങ്ങൾ**

പഴഞ്ചൊല്ലുകൾക്കനുസരിച്ച് കഥാപാത്രങ്ങളെ തിരിച്ചറിഞ്ഞിട്ടുണ്ട്. - 2

കഥാപാത്രങ്ങളുടെ സ്വഭാവം കണ്ടെത്തിയിട്ടുണ്ട്. - 2

അനുയോജ്യമായ ഭാഷയിൽ ഉദാഹരണസഹിതം
കഥാപാത്ര നിരൂപണം തയ്യാറാക്കിയിട്ടുണ്ട്. - 2

മെച്ചപ്പെടുത്തുന്നു. 5 മിനിട്ട്

**പ്രവർത്തനം 9**

**വിശകലനക്കുറിപ്പ്**

മലയാളഭാഷയുള്ളയിടത്തോളം ബഷീറിന്റെ വാക്കുകൾ തലമുറകളിലൂടെ സഞ്ചരിക്കും.... സഞ്ചാരിയായ ബഷീർ ... കാറ്റിനെപ്പോലെ അലഞ്ഞു തിരിഞ്ഞു സ്നേഹമഹാസാമ്രാജ്യം കെട്ടിപ്പടുത്തു. പാത്തുമ്മായുടെ ആടിൽ ബഷീറിന്റെ സെൽഫ് പോർട്രേയ്റ്റ് ഉണ്ട്. സത്യത്തിന്റെ മുഖത്തെ കറുപ്പും വെളുപ്പും നിസ്സംഗമായി ആവിഷ്കരിക്കുന്നു. ഹൃദയം കണ്ണുനീരിന്റെ നിറകുടമാവുകയും പൊടുന്നനെ കുടം തുറന്ന് പൊട്ടിച്ചിരിയുടെ നീർമുത്തുകൾ ചീറ്റിവീഴുന്ന അനുഭവം. സത്യത്തിന്റെ ചുട്ടുപൊള്ളലാണ് പാത്തുമ്മായുടെ ആട്.

(ഒ എൻ വി – ഓർമ്മയുടെ പുസ്തകം)

ചിരിച്ചാലും കരഞ്ഞാലും മരിയ്ക്കും .. അതിനാൽ ചിരിച്ചു കൊണ്ട് മരണത്തെ നേരിടുക. ചിരിജീവിതത്തിന്റെ സൗഭാഗ്യമാണ്.

(ബഷീർ)

ടീച്ചർ ചാർട്ട് പ്രദർശിപ്പിക്കുന്നു. 15 മിനിട്ട്

- രണ്ടു പ്രസ്താവനകളെക്കുറിച്ചുമുള്ള നിങ്ങളുടെ അഭിപ്രായം എന്ത്?

വ്യക്തിഗതമായി പറയുന്നു.

- ഹൃദയം കണ്ണീരിന്റെ നിറകുടമാകുക എന്നതു കൊണ്ട് ഒ.എൻ.വി ഉദ്ദേശിക്കുന്നതെന്ത്?
- കഥയിൽ ഇത്തരം സന്ദർഭങ്ങൾ ഏതെങ്കിലുമുണ്ടോ?
- സെൽഫ് പോർട്രേയ്റ്റ് എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നതെന്ത്?
- ബഷീർ എങ്ങനെ ജീവിക്കുവാനാണാഗ്രഹിച്ചത്?
- ജീവിത പ്രശ്നങ്ങൾ നേരിടാൻ ബഷീർ ഉപയോഗിച്ച രീതിയും ഭാഷയും എന്തായിരുന്നു? 15 മിനിട്ട്

(ചോദ്യങ്ങളിലൂടെ കൂട്ടികൾ പ്രസ്താവനകൾ വിശകലനം ചെയ്യുകയും ആശയം രൂപീകരിക്കുകയും ചെയ്യട്ടെ.)

രണ്ടു പ്രസ്താവനകളുടെയും അടിസ്ഥാനത്തിൽ ബഷീറിന്റെ ജിവിതവീക്ഷണം പാത്തുമ്മായുടെ ആടിൽ പ്രതിഫലിക്കുന്നുണ്ടോ?

കുട്ടികൾ വ്യക്തിഗതമായി വിശകലനക്കുറിപ്പ് തയ്യാറാക്കുന്നു.

15 മിനിട്ട്

പൊതുഅവതരണം (രണ്ടോ മൂന്നോ എണ്ണം)

- മെച്ചപ്പെട്ടത് ഏത്?
- എന്തു കൊണ്ട്?

മൂല്യനിർണ്ണയ സൂചകങ്ങൾ കുട്ടികൾ തന്നെ വികസിപ്പിക്കുന്നു.

**സൂചകങ്ങൾ**

പ്രസ്താവനകളിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. - 2

ഉചിതമായ ഉദാഹരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. - 2

താരതമ്യം ചെയ്തിട്ടുണ്ട് - 1

സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട് - 2

ആശയക്രമീകരണം 1

ഭാഷ 1

മെച്ചപ്പെടുത്തൽ. 15 മിനിട്ട്

അവതരണം.

(എഡിറ്റിംഗിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം)

**പ്രവർത്തനം 10**

**താരതമ്യക്കുറിപ്പ്**

അദ്ധ്യാപിക കവിത ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

**അമ്മയും അച്ഛനും**

അവൾ അമ്മയായതുകൊണ്ട്
പാതിരാത്രികഴിഞ്ഞ് ഉറങ്ങുകയും
നേരം പരപരാവെളുക്കുന്നതിനു മുൻപ്
എഴുന്നേല്ക്കുകയും ചെയ്യണം
അയാൾ
അച്ഛനായതുകൊണ്ട്
വളരെ നേരത്തെ കൂർക്കം വലിച്ചുറങ്ങുകയും
രാവിലെ എട്ടരയ്ക്ക് ബെഡ്കാഫി കുടിച്ച്
ക്ഷീണം തീർക്കാൻ
ഒന്നുകൂടി മയങ്ങുകയും വേണം

മനോജ് വീട്ടുവേലിക്കുന്നേൽ

20 മിനിട്ട്

- കവിതയിലെ ആശയമെന്ത്?
- കവിത ചൂണ്ടിക്കാണിക്കുന്ന സാമൂഹ്യപ്രശ്നമെന്ത്?
- പാത്തുമ്മായുടെ ആടിൽ ഇത്തരം സന്ദർഭങ്ങളുണ്ടോ?
- ഏതൊക്കെ കഥാപാത്രങ്ങളാണ് ഈ കവിതയോട് യോജിക്കുന്നത്?

♦ സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾ
♦ പുരുഷന്മാർ ഇതൊന്നും അറിയുന്നില്ല
♦ പാത്തുമ്മായുടെ ആടിലെ ഉമ്മ എന്ന കഥാപാത്രം......
(ആശയം സ്വരൂപിക്കുന്ന രീതിയിൽ ചർച്ച ചെയ്യണം)

**ടീച്ചറോട്-**

ചർച്ചയുടെ അടിസ്ഥാനത്തിൽ കവിതയെയും പാത്തുമ്മായുടെ ആടിലെ എതെങ്കിലും സന്ദർഭമായോ കഥാപാത്രങ്ങളെയോ ബന്ധപ്പെടുത്തി താരതമ്യക്കുറിപ്പ് തയ്യാറാക്കുന്നു.



വ്യക്തിഗതരചന

പൊതുഅവതരണം (രണ്ടോ മൂന്നോ)

- മെച്ചപ്പെട്ടതു ഏത്?
- എന്തു കൊണ്ട്?

കുട്ടികൾ തന്നെ മൂല്യ നിർണ്ണയ സൂചകങ്ങൾ കണ്ടെത്തുന്നു. 10 മിനിട്ട്

| **സൂചകങ്ങൾ** |
|---|
| കവിതയിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട് - 2 |
| നോവലിലെ സന്ദർഭവുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിച്ചിട്ടുണ്ട്. - 2 |
| ഉചിതമായ ഉദാഹരണങ്ങളോടെ സമർത്ഥിച്ചിട്ടുണ്ട്. - 1 |
| ആശയം ക്രമീകരണം 1 |
| ഭാഷ 1 |

മെച്ചപ്പെടുത്തൽ.

അവതരണം. 5 മിനിട്ട്

പ്രവർത്തനം 11

**അനുഭവക്കുറിപ്പ്**

പാത്തുമ്മായുടെ ആടിനെ വീട്ടിലെ മറ്റംഗങ്ങൾ പാത്തുമ്മയറിയാതെ കട്ടുകറന്ന് പാലെടുത്ത് പാൽച്ചായ രുചിയോടെ കുടിക്കുന്ന രംഗം വളരെ നർമ്മ മധുരമായി ബഷീർ ഓർമ്മിക്കുന്നു. നിങ്ങളുടെ ജീവിതത്തിലും ഗൃഹാന്തരീക്ഷത്തിലുള്ള ഇത്തരം അനുഭവങ്ങളോ കുസൃതിത്തരങ്ങളോ ഉണ്ടായിട്ടുണ്ടാവാം. ഏതെങ്കിലും ഒരനുഭവം കുട്ടികളോട് പറയാൻ ആവശ്യപ്പെടുന്നു.

രണ്ടോ മൂന്നോ പേർ അനുഭവങ്ങൾ പങ്കുവെക്കുന്നു. 10 മിനിട്ട്

താഴെ തന്നിരിക്കുന്ന വാക്യങ്ങളടങ്ങിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

> അക്ഷരപുഷ്പം തേടി അറിവിന്റെ ലോകത്തേക്ക്
> ഞാനും പറന്നു മറ്റു പൂമ്പാറ്റകൾക്കൊപ്പം
> (സ്കൂളിലെ ആദ്യാനുഭവം പറയുന്ന കുട്ടിയുടെ വരി)
>
> ആരോ സാവധാനം വലിച്ചിഴക്കുന്ന കരിമ്പടത്തെ
> പ്പോലെ രാത്രി.....
>
> അറ്റുപോയ തലയ്ക്കു നേരെയിഴയുന്ന ജഡം പോലെ
> അസ്തമിക്കുന്ന സന്ധ്യ....

- ഇതിലെ ഭാഷയുടെ പ്രത്യേകതയെന്ത്?
- ആശയങ്ങൾ ശക്തമാക്കുന്നതിൽ ഇത്തരം ഭാഷാ പ്രയോഗങ്ങൾ സഹായിക്കുന്നുണ്ടോ? എന്തുകൊണ്ട്?

ചർച്ച - ചർച്ചയ്ക്കുശേഷം ആലങ്കരിക ഭാഷയിൽ അനുഭവക്കുറിപ്പ് തയ്യാറാക്കുന്നു.

വ്യക്തിഗത രചന

പൊതു അവതരണം (രണ്ടോ മൂന്നോ എണ്ണം)

മെച്ചപ്പെട്ടതു തെരഞ്ഞെടുക്കുന്നു.

- മെച്ചപ്പെടാനുള്ള കാരണം?

(ആലങ്കാരികഭാഷ, ആത്മാശം ഇവ ഉൾപ്പെടുത്തി രചന നടത്തിയ കുട്ടികളുടെ കുറിപ്പുകൾ പരിശോധിച്ച് അവരെ പ്രോത്സാഹിപ്പിക്കണം.

മൂല്യനിർണ്ണയ സൂചകങ്ങൾ കുട്ടികൾ രൂപപ്പെടുത്തുന്നു. 10 മിനിട്ട്

| സൂചകങ്ങൾ |
|---|
| ജീവിതാനുഭവങ്ങൾ കണ്ടെത്തിയിട്ടുണ്ട് - 2 |
| ആലങ്കാരിക ഭാഷ ഉപയോഗിച്ച് തയ്യാറാക്കിയിട്ടുണ്ട് - 3 |
| ആശയക്രമീകരണത്തോടെ അവതരിപ്പിച്ചിട്ടുണ്ട്. 1 |

സൂചകങ്ങൾക്കനുസരിച്ച് സ്വയം മെച്ചപ്പെടുത്തുന്നു. 10 മിനിട്ട്

**പ്രവർത്തനം 12**

**ലഘുലേഖ**

കേരളത്തിൽ റോഡപകടങ്ങളുടെ വാർത്തകളാണ് എന്നും നമ്മുടെ കാതുകളിൽ എത്തിക്കൊണ്ടിരിക്കുന്നത്. 9 കുട്ടികളുടെ ജീവൻ അപഹരിച്ച ഇരിക്കൂർ വാഹനാപകടം കുറച്ചൊന്നുമല്ല നമ്മെ അസ്വസ്ഥരാക്കിയത്. ഒരു നിമിഷത്തെ അശ്രദ്ധ ഒരു ഗ്രാമത്തിന്റെ തേങ്ങലായിമാറി. മറ്റെന്തെല്ലാം കാരണങ്ങൾ കൊണ്ടാണ് റോഡപകടങ്ങൾ സംഭവിക്കുന്നത്.

കുട്ടികളുടെ അഭിപ്രായ പ്രകടനം. 15 മിനിട്ട്

**BB യിൽ-**

| |
|---|
| വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ എണ്ണം |
| റോഡിന്റെ ശോച്യാവസ്ഥ |
| അശ്രദ്ധ |
| ഡ്രൈവർമാരുടെ മദ്യപാനം |
| അമിതവേഗം |
| ലൈസൻസില്ലാതെ വാഹനമോടിക്കാൻ |
| ട്രാഫിക് സിഗ്നലുകളെക്കുറിച്ചുള്ള അജ്ഞതയും അവ പാലിക്കപ്പെടാത്ത അവസ്ഥയും |
| അഴിമതി |
| ബോധവൽകരണത്തിന്റെ അഭാവം |

റോഡു സുരക്ഷയെക്കുറിച്ച് ലഘുലേഖ തയ്യാറാക്കുകയാണെങ്കിൽ

നാം എന്തെല്ലാം മുന്നോരുക്കം നടത്തണം

10 മിനിട്ട്

ടീച്ചർ **BB**യിൽ

| |
|---|
| ആമുഖം |
| അപകടകാരണങ്ങൾ |
| കണക്കുകൾ |
| ഫലങ്ങൾ |
| മുൻകരുതലുകൾ |
| ബോധവല്കരണത്തിനുതകുന്ന സന്ദേശങ്ങൾ |

ആശയരൂപികരണത്തിനുശേഷം വ്യക്തിഗതമായി ലഘുലേഖ തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. 15 മിനിട്ട്

പൊതുഅവതരണം

- മികച്ചത് ഏത്?
- എന്തു കൊണ്ട്?

മൂല്യനിർണ്ണയ സൂചകങ്ങൾ കുട്ടികൾ കണ്ടെത്തുന്നു.

| **സൂചകങ്ങൾ** |
|---|
| ആശയം കണ്ടെത്തിയിട്ടുണ്ട് - 2 |
| വിവരശേഖരണം നടത്തിയിട്ടുണ്ട് - 1 |
| പട്ടികകൾ, ചാർട്ടുകൾ ഇവ ഉപയോഗിച്ചിട്ടുണ്ട് - 2 |
| പ്രശ്നപരിഹാരം നിർദ്ദേശിച്ചിട്ടുണ്ട് - 2 |
| ഉചിതമായ ഭാഷ - 1 |

മെച്ചപ്പെടുത്തൽ, അവതരണം 10 മിനിട്ട്

**ടീച്ചറോട്-**

ഓരോ കുട്ടിക്കും പ്രവർത്തന പത്രിക നൽകി പൂരിപ്പിച്ചു വാങ്ങണം.

## പ്രവർത്തന പത്രിക

പാത്തുമ്മായുടെ ആടുമായി ബന്ധപ്പെട്ട നിരവധി പഠനപ്രവർത്തനങ്ങൾ ചെയ്തല്ലോ. ഓരോ പ്രവർത്തനവും വിശദമായ ചർച്ചകൾക്കു വിധേയമാക്കിടിട്ടുണ്ടാവും. അതിന്റെ അടിസ്ഥാനത്തിൽ താഴെ തന്നിരിക്കുന്ന ചോദ്യങ്ങളോട് പ്രതികരിക്കുക.

ആത്മവിശ്വാസത്തോടെ എഴുതാൻ കഴിഞ്ഞവ ഏതൊക്കെ ഓരോന്നിനും നേരെ അനുയോജ്യമായ കളത്തിൽ✓ ചെയ്യുക.

| | നന്നായി | കുറച്ചൊക്കെ | ഇനിയും സഹായം ആവശ്യമാണ്. |
|---|---|---|---|
| നോവൽ വിശകലനം | | | |
| കഥാപാത്ര നിരൂപണം | | | |
| പഴഞ്ചൊൽ വ്യാഖ്യാനം | | | |
| കഥാപാത്ര താരതമ്യം | | | |
| സർവ്വെഫോറം തയ്യാറാക്കൽ | | | |
| ഡയറിക്കുറിപ്പ് തയ്യാറാക്കൽ | | | |
| പത്രവാർത്ത | | | |
| എഡിറ്റോറിയൽ | | | |
| നോട്ടീസ് | | | |
| പോസ്റ്റർ | | | |
| ക്ഷണക്കത്ത് | | | |
| ഉപന്യാസം | | | |
| ലഘുലേഖ | | | |
| പ്രഭാഷണം | | | |
| സംഭാഷണം തയ്യാറാക്കൽ | | | |
| നിവേദനം | | | |
| അപേക്ഷകൾ തയ്യാറാക്കൽ | | | |
| പുറന്താൾ കുറിപ്പ് | | | |
| ആസ്വാദനം | | | |

- നേരിടുന്ന പ്രയാസങ്ങൾ എന്തൊക്കെ?

- ഏതെല്ലാം വ്യവഹാരരൂപങ്ങൾ മെച്ചപ്പെടുത്താനാണ് കൂടുതൽ സഹായം വേണ്ടത്?




കുട്ടിയുടെ പേര്: